2023
MARCH
24
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

സൊസൈറ്റി ടുഡേ

GODUGO

2030ൽ ഇന്ത്യക്ക് 6ജി

ന്യൂഡൽഹി: 2030ൽ സെക്കൻഡിൽ 1,000 ജിബി (1 ടെറാബൈറ്റ്) ഇന്റർനെറ്റ് വേഗം വരെ പ്രതീക്ഷിക്കുന്ന 6ജി യുഗത്തിലേക്ക് കടക്കാനായി ഭാരത് 6ജി മിഷൻ രൂപീകരിച്ച് കേന്ദ്രസർക്കാർ.അടുത്ത 7 വർഷം 6ജി സാങ്കേതികവിദ്യയിലെ ഗവേഷണത്തിനടക്കം 10,000 കോടി രൂപയുടെ ഫണ്ട് വേണമെന്ന് കേന്ദ്രം 2021ൽ നിയോഗിച്ച പ്രത്യേക 6ജി ദൗത്യസമിതി ശുപാർശ ചെയ്തു. സ്റ്റാർട്ടപ്പുകൾക്കടക്കം ഈ മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾക്ക് വൻതോതിൽ ഫണ്ടിങ്ങിന് അവസരമൊരുങ്ങിയേക്കും. ഇതുസംബന്ധിച്ച നയരേഖ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രകാശനം ചെയ്തു. ഇടത്തരം പ്രോജക്ടുകൾക്ക് 20 കോടി രൂപ വരെയും വലിയ പ്രോജക്ടുകൾക്ക് അതിലും ഉയർന്ന തുകയും സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കാം.

നയരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ടെലികോം മന്ത്രി അശ്വിനി വൈഷ്ണവ് അധ്യക്ഷനായ 22 അംഗ ഉന്നതതല സമിതിയും ഇന്നലെ ടെലികോം വകുപ്പ് രൂപീകരിച്ചു. വയർലെസ് ടെക്നോളജി വിദഗ്ധനായ ആരോഗ്യസ്വാമി ജെ.പോൾരാജ്, പെന്റിയം ചിപ്പിന്റെ പിതാവെന്ന് അറിയപ്പെടുന്ന വിനോദ് ദാം, ടാറ്റ കൺസൽറ്റൻസി സർവീസസ് ചീഫ് ഓപ്പറേറ്റിങ് ഓഫിസർ എൻ.ജി. സുബ്രഹ്മണ്യം എന്നീ വിദഗ്ധർ സമിതിയുടെ ഭാഗമാണ്. നൂതനമായ ആശയങ്ങൾ പരിശോധിച്ച് ഗവേഷണ ഫണ്ടിങ് അടക്കം അനുവദിക്കുന്നത് ഈ സമിതിയായിരിക്കും.

ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനായിരിക്കും 6ജി മിഷൻ മേധാവി. ഗവേഷണസ്ഥാപനങ്ങൾ, കമ്പനികൾ എന്നിവ ഉൾപ്പെടുത്തി ഭാരത് 6ജി അലയൻസിനും (ബി6ജിഎ) കേന്ദ്രം രൂപം നൽകി.

2030ൽ എല്ലാ പൗരന്മാർക്കും സെക്കൻഡിൽ കുറ!ഞ്ഞത് 100 എംബി വേഗമുള്ള ഇന്റർനെറ്റ് ഉറപ്പാക്കുകയെന്ന ലക്ഷ്യവും നയരേഖയിലുണ്ട്. 90% വീടുകളിലും അതിവേഗ ബ്രോഡ്ബാൻഡ് എത്തിക്കും. പബ്ലിക് വൈഫൈ ഹോട്സ്പോട്ടുകളുടെ എണ്ണം 5 കോടിയാകും. അടുത്ത 7 വർഷം 2 രണ്ടു ഘട്ടമായി തിരിഞ്ഞായിരിക്കും 6ജി ഗവേഷണം. 2025 വരെ ഒന്നാം ഘട്ടവും 2030 വരെ രണ്ടാം ഘട്ടവും.

5ജിയേക്കാൾ 100 മടങ്ങ് ഉയർന്ന വേഗമാണ് 6ജിയിൽ പ്രതീക്ഷിക്കുന്നത്. 6ജി നിലവിൽ എവിടെയുമില്ല.

ഇന്ത്യയ്ക്കു പുറമേ യുഎസ്, റഷ്യ, ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ, സിംഗപ്പൂർ, യുഎഇ, യൂറോപ്യൻ യൂണിയനിലെ ചില രാജ്യങ്ങൾ എന്നിവയാണ് നിലവിൽ 6ജി ഗവേഷണത്തിലേക്ക് തിരിഞ്ഞിരിക്കുന്നത്. ഉയർന്ന ഇന്റർനെറ്റ് വേഗം ആവശ്യമുള്ള റിമോട്ട് കൺട്രോൾഡ് ഫാക്ടറികൾ, സെൽഫ് ഡ്രൈവിങ് കാറുകൾ തുടങ്ങിയവയ്ക്ക് 6ജി വൻകുതിപ്പേകുമെന്നാണ് നയരേഖയിലുള്ളത്.

യുകെയിൽ വിലക്കയറ്റം; പലിശ വർധന

Crude Oil
+ 4,9%
+ 3,7 %
Corn 531'2 $ + 1.4%
Live Cattle 123.7 $ +0.75%
INFLATION
Copper 4.62 $ + 2.3%
+ 4,8%%
Natural Gas +10.
Gold 1943 $
+ 7,2%

ലണ്ടൻ: ഭക്ഷണം, ഊർജം എന്നിവയുടെ വില ഉയർന്നതോടെ ഫെബ്രുവരിയിൽ യുകെയിലെ വിലക്കയറ്റം കുതിച്ചു. 10.4 ശതമാനമായാണ് വിലക്കയറ്റത്തോത് ഉയർന്നത്. തൊട്ടുമുൻപത്തെ മാസം 10.1 ശതമാനമായിരുന്നു. വിലക്കയറ്റം 9.9 ശതമാനത്തിലേക്കു താഴുമെന്ന് മിക്കവാറും വിദഗ്ധർ പ്രവചിച്ചിരുന്നു. ബാങ്ക് ഓഫ് ഇംഗ്ലണ്ടിന്റെ ഇന്നു ചേരുന്ന പണനയസമിതി വിലക്കയറ്റം പിടിച്ചുനിർത്താൻ തുടർച്ചയായി 11ാം തവണയും പലിശ നിരക്ക് ഉയർത്തുമെന്ന് ഇതോടെ ഉറപ്പായി.

അതേസമയം, യുഎസിലെയും മറ്റും ബാങ്കുകളുടെ തകർച്ച ആഗോള ബാങ്കിങ് രംഗത്ത് ആശങ്ക ഉയർത്തുന്ന പശ്ചാത്തലത്തിൽ പലിശ ഉയർത്തുന്നതും വെല്ലുവിളിയാണ്. പലിശ നിരക്കിൽ .25%ന്റെ വർധന വരുത്തുമെന്നാണ് കരുതുന്നത്. പാൽ, മുട്ട, പച്ചക്കറി എന്നിവയുടെ കത്തുന്ന വില യുകെയിൽ ഉപയോക്താക്കളെ വലയ്ക്കുകയാണ്. ജീവിതച്ചെലവ് കൂടിയതോടെ ജനങ്ങളുടെ ജീവിതനിലവാരവും താഴേയ്ക്കായി. 1950ന് ശേഷം ഇത്തരം അവസ്ഥ യുകെയിൽ ആദ്യം. 12 മാസത്തിനിടെ ഭക്ഷ്യവസ്തുക്കളുടെ വില 18 ശതമാനമാണ് കൂടിയത്.

സർക്കാർ സഹായധനം നൽകിയിട്ടും കഴിഞ്ഞ വർഷം ഇലക്ട്രിസിറ്റി, പാചകവാതകം എന്നിവയുടെ വിലയിൽ 27 ശതമാനം വർധനയുണ്ടായി. ഈ വർഷം അവസാനത്തോടെ വിലക്കയറ്റം 2.9 ശതമാനത്തിൽ എത്തുമെന്നാണ് ബാങ്ക് ഓഫ് ഇംഗ്ലണ്ടിന്റെ അനുമാനം.

ദി ഐ ഫൗണ്ടേഷൻ
കണ്ണാശുപത്രി | ഇടപ്പള്ളി, കൊച്ചി
5th year ANNIVERSARY CELEBRATION
നന്ദി കൊച്ചി!
ഞങ്ങളിൽ അർപ്പിച്ച വിശ്വാസത്തിനും പിന്തുണക്കും...
സമ്പൂർണ നേത്ര പരിശോധന
തികച്ചും സൗജന്യം
15th MARCH '23 വരെ
CALL NOW
80861 99913
Our Services
Laser Cataract Surgery | Bladeless Lasik | Cornea
Contoura Lasik | Glaucoma | Retina | Pediatric
THE EYE FOUNDATION
SUPER SPECIALITY EYE HOSPITALS
Tamil Nadu | Karnataka | Kerala
Next to Changampuzha Park Metro Station, Edappally, Kochi - 682024.
www.theeyefoundation.com | 0484 4242000

എച്ച്എഎലിന്റെ 3.5% ഓഹരി കൂടി വിൽക്കുന്നു

ന്യൂഡൽഹി: പ്രതിരോധ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിന്റെ 3.5% ഓഹരി കൂടി കേന്ദ്രസർക്കാർ വിൽക്കുന്നു. 2,867 കോടി രൂപയുടെ ഓഹരിയാണ് വിൽക്കുന്നത്. 2,450 രൂപയാണ് ഒരു ഓഹരിക്ക് വില നിശ്ചയിച്ചിരിക്കുന്നത്. ഇന്നലത്തെ ക്ലോസിങ് ഓഹരിവില 2,624 രൂപയാണ്.

സ്ഥാപനത്തിന്റെ 75.17% ഓഹരി നിലവിൽ കേന്ദ്രത്തിന്റേതാണ്. 2020ൽ 15% ഓഹരി സർക്കാർ വിറ്റിരുന്നു. ഓഹരിവിൽപന ഇന്നും നാളെയുമാണ്. ഓഹരിവിപണി നിയന്ത്രണ ഏജൻസിയായ സെബിയുടെ മിനിമം പബ്ലിക് ഷെയർഹോൾഡിങ് വ്യവസ്ഥകൾ പാലിക്കുന്നതിനാണ് ഇപ്പോഴത്തെ വിൽപന

ഇഞ്ചിക്ക്4 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന വില

കൽപറ്റ: ഇഞ്ചിക്ക് 4 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന വില. ഇന്നലെ വയനാട് മാർക്കറ്റിൽ 60 കിലോഗ്രാമിന്റെ ഒരു ചാക്ക് ഇഞ്ചിക്ക് 3700 രൂപയായിരുന്നു. കർണാടകയിൽ ഇത് 4500 രൂപ. നേരത്തേ 2018ലാണ് ഇഞ്ചിവില 4000ൽ എത്തിയത്. കേരളത്തിലുൾപ്പെടെ കൃഷിയും ഇഞ്ചി ഉൽപാദനവും വൻതോതിൽ കുറ!ഞ്ഞപ്പോഴുണ്ടായ ക്ഷാമമാണ് ഇപ്പോഴത്തെ വിലവർധനയ്ക്കു കാരണം.

വിളവെടുപ്പ് നീട്ടിവച്ചവർക്കാണ് വിലവർധനയുടെ പ്രയോജനം. ഇക്കൊല്ലം തന്നെ നേരത്തേ വിളവെടുത്ത ഇഞ്ചി കുറഞ്ഞ വിലയ്ക്കാണ് വിറ്റുപോയത്. എന്നാൽ 2 ആഴ്ചയ്ക്കിടെ വിലയിൽ വലിയ മാറ്റമുണ്ടായി. ഫെബ്രുവരി വരെ ചാക്കിന 2000 മുതൽ 2300 വരെ രൂപയായിരുന്നു വില. മാർച്ച് ആദ്യവാരം ഇതു 2500 രൂപയായി. കഴിഞ്ഞ ആഴ്ച മുതൽ വില വീണ്ടും ഉയർന്നാണ് 3700ൽ എത്തിയത്. ആവശ്യത്തിന് ഇഞ്ചി കിട്ടാനില്ലാത്തതിനാൽ വില ഇനിയും ഉയരാനാണു സാധ്യത.

കഴിഞ്ഞ 5 വർഷമായി ഇഞ്ചിക്കൃഷി ലാഭകരമല്ല. 2021ൽ ഇതേസമയം ഇഞ്ചിക്ക് ചാക്കിന് 900 രൂപയായിരുന്നു. ഇതാണ് വിലക്കയറ്റത്തിനു വഴി വച്ച ക്ഷാമത്തിനു കാരണം.

അവധി ആഘോഷിക്കാൻ ബജറ്റ് പാക്കേജുമായി കെഎസ്ആർടിസി

നെയ്യാറ്റിൻകര: കെഎസ്ആർടിസി ബജറ്റ് ടൂറിസം വിഭാഗം, മധ്യവേനൽ അവധി ആഘോഷിക്കാൻ ഒട്ടേറെ യാത്രകളുമായി രംഗത്ത്. പമ്പയിൽ അയ്യപ്പന്റെ ആറാട്ട് കാണാൻ സ്ത്രീകൾക്ക് ഉൾപ്പെടെ അവസരം ഒരുക്കുന്ന യാത്ര അടുത്ത മാസം 5ന് ആണ്. കൊട്ടാരക്കര ഗണപതി ക്ഷേത്രം, കൊടുമൺ ചിലന്തിയമ്പലം, ഓമല്ലൂർ രക്തകണ്ഠേശ്വര ക്ഷേത്രം, ആറന്മുള പാർഥസാരഥി തുടങ്ങിയ സ്ഥലങ്ങളും സന്ദർശിക്കും (നിരക്ക് 940 രൂപ). കൊച്ചി വണ്ടർലാ, മലക്കപ്പാറ, അതിരപ്പിള്ളി, വാഴച്ചാൽ ദ്വിദിന യാത്ര 9,10 തീയതികളിൽ നടത്തും. എൻട്രി ഫീസ്, താമസം എന്നിവ ഉൾപ്പെടെ 3700 രൂപയാണ് നിരക്ക്.

ടൂറിസം സെൽ നടത്തുന്ന യാത്രകളുടെ വിവരങ്ങൾ ചുവടെ. തീയതിയും നിരക്കും ബ്രാക്കറ്റിൽ: ഗവി (12,13 2000 രൂപ), വേളാങ്കണ്ണി (13,14 2000 രൂപ), വാഗമൺ (14,15 2950 രൂപ), മൺറോത്തുരുത്ത്, സാമ്പ്രാണിക്കൊടി (16, 1010 രൂപ), മാമലക്കണ്ടം, മാങ്കുളം വഴി മൂന്നാർ (17,18 2500 രൂപ), കാട്ടിൽ മേക്കതിൽ, പാണ്ഡവർ കാവ്, ഓച്ചിറ, ഹരിപ്പാട് ക്ഷേത്രങ്ങൾ, അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, ചക്കുളത്ത് കാവ് (21 750 രൂപ), കുട്ടനാടൻ കാഴ്ചകൾ കണ്ട് കുമരകത്ത് ഒരുക്കുന്ന ഹൗസ് ബോട്ട് (23 1400 രൂപ), തൃപ്പരപ്പ്, കുമാരകോവിൽ, വട്ടക്കോട്ട, ചിന്ന തിരുപ്പതി, കന്യാകുമാരി (27 600രൂപ), എ.സി. ബസിൽ യാത്ര ചെയ്ത് കൊച്ചിയിൽ എത്തി നെഫർറ്റിറ്റി ആഡംബര കപ്പൽ യാത്രയ്ക്ക് (29 3800 രൂപ), കാപ്പുകാട്, നെയ്യാർ ഡാം, പൊന്മുടി (8,15,23 550 രൂപ). വിശദ വിവരങ്ങൾക്ക്: 9539801011, 9846067232

ശലഭോദ്യാനം കാടുകയറിയ നിലയിൽ

കൊല്ലം: കോർപറേഷനും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡും ചേർന്ന് ആശ്രാമം മൈതാനത്ത് ശലഭോദ്യാനം നിർമാണ ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷമാകാനിരിക്കെ കാടു കയറിയ നിലയിൽ. ശലഭോദ്യാനം നിർമാണത്തിനായി തറയോടുകളും ഇരുമ്പു കമ്പികളും സ്ഥാപിച്ചതോടെ പ്രദേശത്ത് സ്വാഭാവികമായി ഉണ്ടായിരുന്ന ശലഭങ്ങളെ പോലും ഇപ്പോൾ കാണാൻ കഴിയാത്ത അവസ്ഥയാണ്. കോർപറേഷൻ പരിധിയിൽ പുതിയ മിയാവാക്കി വനം നി‘ർമാണ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴാണ് ഈ അവസ്ഥ.

ആശ്രാമം പൈതൃക കേന്ദ്രത്തിന്റെ 10 സെന്റ് വസ്തുവിൽ പോർട്ട് ഓഫിസിനും അഡ്വഞ്ചർ പാർക്കിനും സമീപത്താണ് ശലഭ ഉദ്യാനം നിർമിക്കാൻ തീരുമാനിച്ചിരുന്നത്. കഴിഞ്ഞ വർഷം മേയിൽ മേയർ ഉദ്ഘാടനം ചെയ്തതിനു ശേഷം തറയോടുകൾ പാകുന്നതും ചെടികൾ പടർന്നു പന്തലിക്കാനുള്ള ഇരുമ്പ് കമ്പികൾ സ്ഥാപിച്ചതുമല്ലാതെ മറ്റൊന്നും പ്രദേശത്ത് നടന്നിട്ടില്ല. ജൈവ വൈവിധ്യ ബോർഡിനാണ് നിർമാണ മേൽനോട്ട ചുമതല. ഉദ്യാനത്തിനായി 6 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

ബീച്ചിന് എതിർവശത്തെ ജലകേളി കേന്ദ്രത്തിന് സമീപം 5.5 സെന്റ് സ്ഥലത്ത് മിയാവാക്കി വന നിർമാണത്തിനായി 3 ലക്ഷം രൂപയും വനത്തിന്റെ സുരക്ഷാ വേലിയ്ക്കായി 5.5 ലക്ഷം രൂപയും അനുവദിച്ചതായി കഴിഞ്ഞ കൗൺസിലിൽ മേയർ അറിയിച്ചിരുന്നു. അതേ സമയം ആശ്രാമം മൈതാനത്തിൽ കോർപറേഷനും വനം വകുപ്പുമായി ചേർന്നു സ്ഥാപിച്ച മിയവാക്കി വനം മികച്ച രീതിയിലാണ് പരിപാലിക്കപ്പെടുന്നത്. ശലഭോദ്യാനം ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രത്തിലായതിനാൽ പ്രദേശത്ത് ഇരുന്നോറോളം ഇനത്തിലെ ചിത്രശലഭങ്ങളുടെ സാന്നിധ്യം പ്രതീക്ഷിക്കുന്നതായാണ് ജൈവ വൈവിധ്യ ബോർഡ് ഉദ്യോഗസ്ഥർ ഉദ്യാനത്തിന്റെ ഉദ്ഘാടന സമയത്ത് പറഞ്ഞിരുന്നത്. നിർമാതളം, ഞാവൽ, വയന, നാരകം, കറിവേപ്പില എന്നീ മരങ്ങൾ നട്ടുപിടിപ്പിച്ചു 2 മാസത്തിനുള്ളിൽ പാർക്കിൽ ശലഭങ്ങളെ എത്തിക്കുകയായിരുന്നു ലക്ഷ്യം.

റോഡ് ഗുണനിലവാരം പരിശോധന: ലാബ് പ്രവർത്തനം തുടങ്ങി

നേമം: പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടക്കുന്ന നിർമാണ ജോലികളുടെ ഗുണനിലവാരം പണി സ്ഥലങ്ങളിൽ നേരിട്ടെത്തി സാമ്പിളെടുത്ത് പരിശോധിക്കുന്നതിന് സൗകര്യമുള്ള ആധുനിക ഓട്ടോമേറ്റഡ് മൊബൈൽ ടെസ്റ്റിങ് ലാബിന്റെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചു. ലാബിന്റെ പ്രവർത്തനം പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡിൽ റോഡ് നിർമാണ സ്ഥലത്ത് മന്ത്രി പി.എ.മുഹമ്മദ് റിയാസ് നേരിട്ടെത്തി പരിശോധിക്കുകയും ചെയ്തു. നിർമാണ പ്രവർത്തികളുടെ സുതാര്യത ഉറപ്പാക്കാൻ ലാബിന്റെ പ്രവർത്തനം സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു.

താപനില, ബിറ്റുമിൻ കണ്ടന്റ് തുടങ്ങിയവയാണ് പരിശോധിക്കുക. 2 മണിക്കൂറിനുള്ളിൽ പരിശോധനാ ഫലം അറിയാം. പരിശോധന റിപ്പോർട്ട് എല്ലാ മാസവും 10 നകം മന്ത്രി തലത്തിൽ പരിശോധിച്ച് വിലയിരുത്തും. പാലങ്ങൾ,കെട്ടിടങ്ങൾ എന്നിവയും ഓട്ടോമേറ്റഡ് ലാബ് വഴി പരിശോധന നടത്തും. പരാതിയുള്ള സ്ഥലങ്ങളിലും പരിശോധന നടത്തും. 3 മൊബൈൽ ലാബുകളാണ് ആദ്യ ഘട്ടത്തിൽ പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്തിന് പുറമേ എറണാകുളം, കോഴിക്കോട് മേഖലകളിലും ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

വഴിമുട്ടി ഞാങ്കടവ് പദ്ധതി

കൊല്ലം: ദേശീയപാത വിഭാഗത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ ഒരു കിലോമീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിയാതെ ഞാങ്കടവ് കുടിവെള്ള പദ്ധതി വഴി മുട്ടി നിൽക്കുന്നു. ഒന്നര വർഷമായി പലതവണ അപേക്ഷ നൽകുന്നുണ്ടെങ്കിലും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നിരസിക്കുകയാണ്. 28 കിലോമീറ്റർ നീളത്തിൽ വ്യാസമേറിയ പൈപ്പ് സ്ഥാപിക്കേണ്ടതിൽ 27 കിലോമീറ്ററും പൂർത്തിയായി കഴിഞ്ഞു. കൊല്ലം തേനി ദേശീയപാതയിൽ കുണ്ടറ നാന്തിരിക്കൽ മുതൽ ഇളമ്പള്ളൂർ വരെയുള്ള 1052 മീറ്റർ ദൂരമാണ് പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കാനുള്ളത്. ഇതിന്റെ ഇരു വശത്തും പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. പാതയുടെ പണി പൂർത്തിയാക്കി, കരാറുകാരന്റെ നഷ്ടപരിഹാര കാലാവധി കഴിഞ്ഞ ശേഷമേ അനുമതി നൽകാൻ കഴിയു എന്നാണ് ദേശീയപാത വിഭാഗത്തിന്റെ നിലപാട്.

പണി പൂർത്തിയായ ശേഷം 3 വർഷം ആണ് കരാറുകാരന്റെ ചെലവിൽ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള കാലാവധി. ഇത്രയും കാലം കാത്തിരിക്കേണ്ടി വന്നാൽ ഞാങ്കടവ് പദ്ധതി ലക്ഷ്യം കാണാൻ 4 വർഷത്തോളം കാത്തിരിക്കേണ്ടി വരും. ദേശീയപാതയുടെ മാനദണ്ഡപ്രകാരം ജലക്കുഴൽ നിർമിക്കണമെന്നും ഉപരിതല ഗതാഗത മന്ത്രാലയം നിർദേശിക്കുന്നു. 1219 മില്ലീമീറ്റർ വ്യാസമുള്ള എംഎസ് പൈപ്പ് ആണ് സ്ഥാപിക്കാനുള്ളത്.

ശുദ്ധജലക്ഷാമം രൂക്ഷം

കൊട്ടാരക്കര: ശുദ്ധജലക്ഷാമം രൂക്ഷമാകുന്നു. ജാഗ്രതയുമായി ജലവിഭവ വകുപ്പ് അധികൃതർ. ജലം ദുർവിനിയോഗം ചെയ്താൽ നടപടിയും ഉണ്ടാകും. കേരള വാട്ടർ അതോറിറ്റിയുടെ പി എച്ച് സബ് ഡിവിഷനിലെ കുണ്ടറ, പേരയം, കല്ലട, പവിത്രേശ്വരം, ഇളമ്പള്ളൂർ, എഴുകോൺ , കരീപ്ര, വെട്ടിക്കവല, മേലില, മൈലം പഞ്ചായത്തുകളിലും കൊട്ടാരക്കര നഗരസഭയിലും കടുത്ത വരൾച്ചയെത്തുടർന്നു ജലം പൂർണ തോതിൽ ലഭ്യമല്ലെന്ന് അധികൃതർ. ജലത്തിന്റെ ദുർവിനിയോഗം പരമാവധി കുറയ്ക്കണം.

കരുത്തുറ്റ ഓജസ്സിന്റെ പുനർജന്മം
കായകൽപ ചികിത്സാരീതിയിൽ അമൂല്യ ഔഷധങ്ങളാൽ തയ്യാറാക്കിയ
ധാതു പുഷ്ടിയും ബലവും ഓജസ്സും വീണ്ടെടുക്കുവാൻ സഹായിക്കുന്നു
ഓജസെറ്റ് ക്യാപ്സൂൾ
OJUSET CAPSULES
SINCE 1995
PUNARJITH OJUSET capsules
VIGOR & VITALITY STAMINA STRENGTH
ORDER NOW: 755 99 6 44 55
FREE DOCTOR CONSULTATION: 75 93 83 47 81
എല്ലാ ഇംഗ്ലീഷ് – ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളിലും തപാലിലും ലഭിക്കുന്നു
Available at amazon
www.ojuset.com

നെൽക്കർഷകർക്ക് കൂലിച്ചെലവിന് സബ്സിഡി 1.25 കോടി രൂപ

ആലപ്പുഴ :നെൽക്കർഷകർക്ക് കൂലിച്ചെലവിനു 1.25 കോടി രൂപ സബ്സിഡി നൽകുമെന്നു പ്രഖ്യാപിച്ച് ജില്ലാ പഞ്ചായത്തിന്റെ ബജറ്റ്. വീട്ടമ്മമാർക്ക് ഡിജിറ്റൽ സേവനങ്ങളിൽ അറിവും പരിശീലനവും നൽകുന്ന സ്മാർട്ട് വുമൺ പദ്ധതിക്ക് 10 ലക്ഷം രൂപയും ലൈഫ് ഭവന പദ്ധതിക്ക് 9.36 കോടി രൂപയും സ്കൂളുകൾ ഹൈടെക് ആയി മാറ്റാൻ 4 കോടിയും ജില്ലാ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമിക്കാൻ 2.5 കോടിയും നീക്കിവച്ച 2023,24 ബജറ്റിൽ 124.74 കോടി രൂപ വരവും 122.98 കോടി രൂപ ചെലവും 1.76 കോടിരൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

ഭൂമിക എന്നു പേരിട്ട ബജറ്റ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിപിൻ സി.ബാബു അവതരിപ്പിച്ചു.പ്രസി!ഡന്റ് കെ.ജി.രാജേശ്വരി അധ്യക്ഷത വഹിച്ചു. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ എല്ലാം തന്നെ നടപ്പാക്കാൻ കഴിഞ്ഞെന്നു പ്രസിഡന്റ് പറഞ്ഞു.

ലൈഫ് പദ്ധതിക്ക് 10 കോടിയിലേറെ രൂപ ചെലവഴിച്ചു. വിവിധ മേഖലകളിൽ 2000 ത്തിലേറെ ഉദ്യോഗാർഥികൾക്ക് തൊഴിൽ നൽകിയെന്നും ഭൂമികയുടെ പ്രകാശനം നിർവഹിച്ച് പ്രസിഡന്റ് പറഞ്ഞു.

ആലപ്പുഴ ന്മ ജില്ലാ പഞ്ചായത്തിന്റേത് നിരാശാജനകമായ ബജറ്റെന്ന് കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവ് ജോൺ തോമസ് ആരോപിച്ചു. ഈ സാമ്പത്തിക വർഷം 85% ധനവിനിയോഗം നടത്തിയെന്നത് ശരിയല്ല.

പദ്ധതി വിഹിതം 6 കോടി സർക്കാർ പിൻവലിച്ചു. ബ്രഹ്മപുരത്തെ മാലിന്യഭീഷണി ആലപ്പുഴയെ ബാധിക്കുന്ന സ്ഥിതിയിൽ എത്തി നിൽക്കുമ്പോൾ ഭൂമിയെ സംരക്ഷിക്കുന്നതിന സഹായിക്കുന്ന യാതൊരു പദ്ധതിയും ബജറ്റ് നിർദേശത്തിലില്ല.

കർഷകന്റെ നെല്ലിന് താങ്ങുവില കൊടുക്കാൻ പദ്ധതിയില്ല. മുൻ ബജറ്റിൽ നെടുമുടി വേണുവിനും കെപിഎസി ലളിതയ്ക്കും സ്മാരകം പണിയുമെന്നു പറഞ്ഞിട്ട് ചെയ്യാത്തവരാണ് ഇത്തവണ തോപ്പിൽ ഭാസിക്കും എസ്.എൽ.പുരം സദാനന്ദനും സ്മാരകം നിർമിക്കുമെന്നു പ്രഖ്യാപിക്കുന്നത്.

ഈ വർഷം നടപ്പാക്കേണ്ടിയിരുന്ന ഡയാലിസിസ് പദ്ധതി അട്ടിമറിച്ച ഉദ്യോഗസ്ഥർ സുരക്ഷിതരായി തുടരുമ്പോൾ വീണ്ടും ഇതേ പദ്ധതി നടപ്പാക്കുമെന്നു എങ്ങനെ ഉറപ്പിക്കും. അതേ സമയം വനിതാ ശിശു വികസനത്തിന് ചില നല്ല പദ്ധതികൾ നിർദേശിച്ചിട്ടുണ്ടെന്നും ജോൺ തോമസ് പറഞ്ഞു.

സ്ഥിരം സമിതി അധ്യക്ഷരായ ടി.എസ്.താഹ, എ.ശോഭ, എം.വി.പ്രിയ, വത്സല, അംഗങ്ങളായ ബിനു ഐസക് രാജു, സജിമോൾ ഫ്രാൻസിസ്, പി.എസ്.ഷാജി, എൻ.എസ്. ശിവപ്രസാദ്, കെ.ജി.സന്തോഷ്, ആർ.റിയാസ്, സെക്രട്ടറി കെ.ആർ.ദേവദാസ് തുടങ്ങിയവർ പ്രസംഗിച്ചു.

അപ്പർകുട്ടനാട്ടിൽ വരിനെല്ല് ശല്യം രൂക്ഷം; കർഷകർ പ്രതിസന്ധിയിൽ

മാന്നാർ: വരിനെല്ല്, കോരപ്പുല്ല് ശല്യവും അപ്പർകുട്ടനാടൻ പാടശേഖരങ്ങളെ പ്രതിസന്ധിയിലാക്കുന്നു. ഇതോടെ കൊയ്ത്തിനു 20 ദിവസം ശേഷിക്കെ കർഷകർ പ്രതിസന്ധിയിലായി. മിക്ക പാടശേഖരങ്ങളിലും 100 ദിവസത്തിനു മുകളിലായ നെല്ലാണ് വരിനെല്ലു ശല്യത്തിലായത്. കതിരിട്ട്, നെല്ലുമണിയുടെ ചുണ്ടു പഴുത്തു തുടങ്ങി.

ഇനിയും 20 ദിവസത്തിനു ശേഷം കൊയ്യാവുന്ന വിധത്തിലാണ് ഓരോ പാടശേഖരവും. എന്നാൽ നെല്ല് ഏത്, വരിനെല്ലേത് എന്നു തിരിച്ചറിയാൻ കർഷകൻ പാടുപെടുകയാണ്. കൃഷിനാശത്തിനും വരിനെല്ലു വീണുണ്ടായ നഷ്ടത്തിനും ഇൻഷുറൻസ് ഉണ്ടായിട്ടും നഷ്ടപരിഹാരം ഒന്നും ലഭിച്ചിട്ടില്ല. ഏക്കറിന് അര ലക്ഷം രൂപയിലധികം ചെലവഴിച്ചതിനാൽ കടക്കെണിയിലാണ് ചെന്നിത്തല, മാന്നാർ മേഖലയിലെ ഒട്ടുമിക്ക കർഷകരും. കൃഷി വകുപ്പിൽ നിന്ന് ആവശ്യമായ സാമ്പത്തിക സഹായമോ നിർദേശങ്ങളോ ലഭിക്കുന്നില്ലെന്നാണ് കർഷകരുടെ പരാതി.

പാടശേഖരങ്ങളിലെ പമ്പിങ് മുടങ്ങുന്നു; കർഷകർക്ക് ദുരിതം

മാന്നാർ: തുടർച്ചയായിട്ടുണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും കാരണം പാടശേഖരങ്ങളിലെ പമ്പിങ് മുടങ്ങുന്നു. നെല്ലിനു വെള്ളമില്ലാത്തത് വിളവിനെ ബാധിക്കുമെന്ന ആശങ്കയിലാണ് കർഷകർ. അച്ചൻകോവിലാറിന്റെ കൈവഴിയായ തോടുകളിൽ നിന്നും വെള്ളം പമ്പ് ചെയ്താണ് ചെന്നിത്തല 9ാം ബ്ലോക്ക് പാടശേഖരമായ വെട്ടത്തേരി പാടത്തേക്കു വെള്ളമെത്തിക്കുന്നത്. എന്നാൽ ഇവിടെ സ്ഥാപിച്ചിട്ടുള്ള മോട്ടറുകൾ നേരാംവണ്ണം പ്രവർത്തിക്കുന്നില്ല.

വിളവെടുപ്പിനു 50 ദിവസം മാത്രം ബാക്കി നിൽക്കേ ജലസേചനം മുടങ്ങിയാൽ വിളവ് 50 ശതമാനത്തോളം കുറയുമെന്ന ആശങ്കയിലാണ് ഇവിടുത്തെ കർഷകർ. കെഎസ്ഇബിയിൽ കർഷകർ പല തവണ പരാതിപ്പെട്ടിട്ടും സഹായം ലഭിച്ചില്ല. നിലമൊരുക്കലിനു മുൻപ് കെഎസ്ഇബിക്കു പണം മുൻകൂർ അടച്ചതിനു ശേഷമാണ് പാടശേഖര സമിതികൾക്കു നെൽക്കൃഷി ആവശ്യത്തിനു വൈദ്യുതി കണക്ഷൻ നൽകുന്നത്.

രണ്ടു വർഷമായി വേനൽമഴ കാരണം തുടർച്ചയായി കൃഷിനാശം മൂലമുണ്ടായ കടബാധ്യതകൾ ഈ വിളവെടുപ്പിലെങ്കിലും പരിഹരിക്കാം എന്ന കർഷകരുടെ പ്രതീക്ഷയ്ക്ക് ഇരുട്ടടിയേറ്റിരിക്കുകയാണെന്ന് പാടശേഖര സമിതി പ്രസിഡന്റ് പി.ജെ. റോമിയോ, സെക്രട്ടറി സന്തോഷ് എന്നിവർ പറഞ്ഞു.

നെല്ല് സംഭരിക്കാൻ വള്ളമില്ല; ജങ്കാർ ഇറക്കി പരിഹാരം

കുട്ടനാട്: നെല്ല് സംഭരണത്തിൽ നിന്ന് പാലക്കാടൻ മില്ലുകാർ പിൻവാങ്ങിയതുമൂലമുണ്ടായ പ്രതിസന്ധി പരിഹരിച്ചെങ്കിലും സംഭരണത്തിനായി വള്ളങ്ങൾ ലഭ്യമാകാത്തതു പ്രതിസന്ധി സൃഷ്ടിക്കുന്നു. വാഹനങ്ങൾ എത്തിച്ചേരാത്ത കായൽ നിലങ്ങളിൽ നിന്നും മറ്റും വള്ളത്തിൽ കയറ്റിയാണു നെല്ല് സംഭരിക്കുന്നത്. ഇത്തവണ കായൽനിലങ്ങളിലെല്ലാം ഒന്നിച്ചു വിളവെടുപ്പ് ആരംഭിച്ചതാണു പ്രതിസന്ധി സൃഷ്ടിച്ചത്.

പല പാടശേഖരങ്ങളിലും വിളവെടുപ്പു പൂർത്തിയായി 10 ദിവസം കഴിഞ്ഞിട്ടും വള്ളങ്ങളുടെ കുറവുമൂലം സംഭരണം നടന്നിട്ടില്ല. പഴയ പതിനാലായിരം, ഇ ബ്ലോക്ക് ഇരുപത്തിനാലായിരം, ഐ ബ്ലോക്ക്, മൂവായരിത്തിയഞ്ഞൂറ്, മാരാൻ കായൽ, രാമരാമജപുരം, ഡി ബ്ലോക്ക് തെക്കേ ആറായിരം, ഡി ബ്ലോക്ക് വടക്കേ ആറായിരം, പുത്തനാറായിരം, മതികായൽ തുടങ്ങിയ കായൽ പാടശേഖരങ്ങളിലും പുളിങ്കുന്ന് അയ്മനാട് അടക്കമുള്ള പാടശേഖരങ്ങളിലാണു വിളവെടുപ്പു കഴിഞ്ഞു ദിവസങ്ങളായിട്ടും സംഭരണം ഇഴഞ്ഞു നീങ്ങുന്നത്.

അയ്മനാട് അടക്കമുള്ള പാടശേഖരങ്ങളിൽ കർഷകർ സ്വന്തം നിലയ്ക്കു വള്ളം എത്തിച്ചു സംഭരണത്തിനു മില്ലുകാരെ സഹായിക്കുന്നുണ്ട്. പാലക്കാടൻ മില്ലുകൾ പിൻമാറിയതോടെ കൂടുതൽ പാടശേഖരങ്ങളിൽ നിന്നു നെല്ല് സംഭരിക്കാൻ ചുമതല ലഭിച്ചതോടെ എറണാകുളം ജില്ലയിൽ നിന്നുള്ള പവിഴം മില്ലുകാർ ജങ്കാർ വാടകയ്ക്കെടുത്ത് നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. 11 ലോഡ് നെല്ല് വരെ ഒരു ജങ്കാറിൽ കയറ്റാൻ സാധിക്കുന്നതിനാൽ കർഷകരും ആശ്വാസത്തിലാണ്.

5 ലോഡ് വീതം കൊള്ളുന്ന 2 ജങ്കാറുകൂടി പവിഴം മില്ലുകാർ എത്തിച്ചു കായൽനിലങ്ങളിൽ നിന്നു നെല്ല് സംഭരിക്കുന്നുണ്ട്. 42 മില്ലുകാർ ചേർന്നാണ് ഇപ്പോൾ ജില്ലയിൽ നിന്നു നെല്ല് സംഭരിക്കുന്നത്. വള്ളം ലഭിക്കാത്തതുമൂലം ദിവസങ്ങളായി സംഭരണം നടത്താൻ സാധിക്കാത്ത അവസ്ഥയാണ്.ഇന്നലെ 3442 ടൺ! നെല്ലാണു സിവിൽ സപ്ലൈസ് വകുപ്പ് ജില്ലയുടെ വിവിധ പാടശേഖരങ്ങളിൽ നിന്നു സംഭരിച്ചത്.

വൈറൽ പനിക്കൊപ്പം കോവിഡിന്റെ പുതിയ വകഭേദവും; കോട്ടയത്ത് 31 പേർക്ക് കോവിഡ്

കോട്ടയം: ജില്ലയിൽ വൈറൽ പനിക്കൊപ്പം കോവിഡിന്റെ പുതിയ വകഭേദവും പടരുന്നു. എന്നാൽ ജലദോഷപ്പനിക്കു സമാനമായ ലക്ഷണങ്ങളുള്ള പുതിയ വകഭേദം അപകടകരമല്ലെന്ന് ആരോഗ്യ വകുപ്പ് വ്യക്തമാക്കി. ഇന്നലെ മാത്രം 31 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. ജില്ലയിലെ ആകെ കോവിഡ് രോഗികളുടെ എണ്ണം 171 ആയി. കുറച്ചുപേരിൽ നടത്തിയ പരിശോധനയിലാണ് കോവിഡിന്റെ പുതിയ വകഭേദം കണ്ടെത്തിയത്.

കോട്ടയം മെഡിക്കൽ കോളജിലും സ്വകാര്യ ആശുപത്രികളിലുമായി ശസ്ത്രക്രിയയ്ക്ക് ഉൾപ്പെടെ പ്രവേശിപ്പിച്ചവരിലാണ് പരിശോധന നടത്തിയത്. 2 ആഴ്ചയ്ക്കിടയിൽ 2,374 പേരിൽ പരിശോധന നടത്തി. 6.07% ആണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. സാംപിളുകൾ ആലപ്പുഴ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലും തിരുവനന്തപുരത്തെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയിലും പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. പുതിയ വകഭേദത്തിന്റെ പകർച്ചയുടെ തോതു കൂടുതലായതിനാൽ മാസ്ക് ധരിക്കണമെന്നും ആൾക്കൂട്ടം ഒഴിവാക്കണമെന്നും ആരോഗ്യ വകുപ്പിന്റെ നിർദേശമുണ്ട്.

ജി20 ഉച്ചകോടി: ഹരിതവിസ്മയം ഒരുക്കി കുമരകം

കുമരകം: ജി 20 ഉച്ചകോടി നടക്കുന്ന കെടിഡിസി വാട്ടർ സ്കേപ് റിസോർട്ടിലെ ഒരുക്കം അന്തിമ ഘട്ടത്തിൽ. വേമ്പനാട്ടു കായൽ ഭാഗത്തെ റസ്റ്ററന്റിനു സമീപത്തെ ചെറിയ തുരുത്തിൽ പനമ്പ് കൊണ്ടു മേൽക്കൂര തീർത്ത വിശ്രമ കേന്ദ്രം റെഡി. കെടിഡിസിയുടെ പല ഭാഗത്തും ഈ രീതിയിൽ വിശ്രമ കേന്ദ്രം സജ്ജമാകും. 30 മുതൽ ഏപ്രിൽ 2 വരെയാണു സമ്മേളനം. ഒരുക്കം 25നു പൂർത്തിയാക്കാനാണു നിർദേശം. കൺവൻഷൻ സെന്ററിന്റെ നിർമാണം പൂർത്തിയായി.

സെന്ററിനുള്ളിൽ വിളക്കുകൾ തെളിഞ്ഞു. പൊലീസ് സ്പെഷൽ ബ്രാഞ്ച് സ്ഥലം സന്ദർശിച്ചു. ബിഎസ്എൻഎൽ 5ജി ഉറപ്പാക്കുന്നതിനായി കെടിഡിസിയിൽ ഇന്നലെ പുതിയ ടവർ സ്ഥാപിച്ചു. കൺവൻഷൻ സെന്ററിനു മുന്നിൽ കായൽ ഭാഗത്ത് ഫ്ലോട്ടിങ് ജെട്ടി സ്ഥാപിച്ചു.

ഈ ഭാഗം ആഴം കൂട്ടുന്ന ജോലി നടക്കുന്നു.

സമ്മേളനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഓഫിസുകളുടെ പരിസരം പുൽത്തകിടി ഒരുക്കി മനോഹരമാക്കി. വഴികളുടെ വശങ്ങളിൽ ചെടികൾ നട്ടു. പ്രതിനിധികൾക്കു ഇതുവഴി പോകുന്നതിനായി ബഗ്ഗി വാഹനങ്ങൾ എത്തി.

8 ശിക്കാര വള്ളങ്ങളും തയാറാക്കും. സൂരി ഹോട്ടലിൽ താമസിക്കുന്ന പ്രതിനിധികളാണ് കായൽ മാർഗം ഏറെ ദൂരം സഞ്ചരിച്ച് കൺവൻഷൻ സെന്ററിൽ എത്തുന്നത്. ഇതിനായി പ്രത്യേക ജലപാത തയാറാക്കി.

കുമരകം പഞ്ചായത്ത് കുമരകം റോഡിന്റെ രണ്ടാം കലുങ്ക് മുതൽ കവണാറ്റിൻകര വരെയും അമ്മങ്കരി റോഡ് മുതൽ നാലുപങ്ക് ബോട്ട് ടെർമിനൽ വരെയും പ്രകാശം കൂടിയ 400 ബൾബുകൾ സ്ഥാപിച്ചു. കുമരകം റോഡിന്റെ നവീകരണം ഉടൻ പൂർത്തിയാവും.

ചൂടിനൊപ്പം പകർച്ചവ്യാധികൾ

തൊടുപുഴ: വേനൽ മഴയെത്തിയെങ്കിലും ചൂടിനു കുറവില്ല. നാട് ചുട്ടുപൊള്ളുമ്പോൾ നാട്ടുകാരുടെ ആരോഗ്യവും ക്ഷീണത്തിലാണ്. പലവിധ രോഗങ്ങളാൽ ജനം കഷ്ടപ്പെടുകയാണ്. ശുദ്ധജല ലഭ്യത കുറഞ്ഞതോടെ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയ ജലജന്യരോഗങ്ങൾ പിടിപെടാൻ സാധ്യതയേറെയാണെന്നു ആരോഗ്യവിദഗ്ധർ പറയുന്നു. വായുവിലൂടെ പകരുന്ന ചിക്കൻപോക്സ് അടക്കമുള്ള രോഗങ്ങളും ജില്ലയിൽ പലയിടങ്ങളിലും റിപ്പോർട്ട് ചെയ്യുന്നുണ്ട്. വൈറൽ പനി ബാധിതരുടെ എണ്ണത്തിലും കുറവില്ല. കരുതലോടെ നീങ്ങിയാൽ പകർച്ചവ്യാധികളിൽ നിന്നു രക്ഷനേടാമെന്ന് അധികൃതർ പറയുന്നു.

ഈ മാസം ഇതുവരെ വയറിളക്ക രോഗങ്ങളെത്തുടർന്ന് 585 പേർ ജില്ലയിൽ ചികിത്സ തേടി. രണ്ടര മാസത്തിനിടെ 2500ലേറെ പേർക്കാണ് രോഗം ബാധിച്ചത്. ജില്ലയിൽ പലയിടങ്ങളിലും ജലക്ഷാമം രൂക്ഷമാണ്. കിണറുകൾ അടക്കമുള്ള ശുദ്ധജല സ്രോതസുകളിലേറെയും വറ്റി. ജലദൗർലഭ്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ വെള്ളം മലിനമാകാനുള്ള സാധ്യതയേറെയാണ്. വെള്ളവും ഭക്ഷണവും വൃത്തിഹീനമാകുമ്പോഴാണ് ജലജന്യരോഗങ്ങൾ കുതിച്ചുയരുന്നത്.

ജില്ലയുടെ പല ഭാഗങ്ങളിലും ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ചൂടു കൂടിയതോടെയാണു രോഗം കൂടുതലായി കണ്ടുതുടങ്ങിയതെന്ന് അധികൃതർ പറയുന്നു. ജില്ലയിൽ ഈയാഴ്ച 17 പേർക്കാണു ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്തത്. ഈ മാസം ജില്ലയിൽ 87 പേർക്ക് രോഗം പിടിപെട്ടതായാണ് ആരോഗ്യവകുപ്പിന്റെ കണക്ക്. പനി, തലവേദന ലക്ഷണങ്ങളിൽ തുടങ്ങി ശരീരത്തിൽ കുമിളകൾ ഉണ്ടാകുമ്പോഴാണ് പലരും ഈ രോഗം തിരിച്ചറിയുന്നത്. വാരിസെല്ല സോസ്റ്റർ എന്ന വൈറസാണ് ചിക്കൻപോക്സിനു കാരണമാകുന്നത്. രോഗബാധിതരുടെ സാമീപ്യം വഴി രോഗം പകരും. കുമിളകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങുമ്പോൾ തന്നെ ചികിത്സിക്കുകയാണെങ്കിൽ വളരെ ഫലപ്രദമാണ്.

വൈറൽ പനിയെത്തുടർന്നു 205 പേരാണ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ ദിവസം ചികിത്സ തേടിയത്. ഈ മാസം 3,689 പേർ പനി ബാധിച്ച് ജില്ലയിൽ ചികിത്സ തേടിയതായാണ് ആരോഗ്യവകുപ്പിന്റെ കണക്ക്. ഡെങ്കിപ്പനിയെന്നു സംശയിക്കുന്ന കേസുകളും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

കർഷക കൂട്ടായ്മയിൽ പച്ചക്കറിക്കൃഷി

കുമരനല്ലൂർ: മേലഴിയം പെരുമ്പലം പാടശേഖരത്തിലെ പന്ത്രണ്ടര ഏക്കറിൽ കർഷക കൂട്ടായ്മയിൽ വേനൽക്കാല പച്ചക്കറിക്കൃഷി തുടങ്ങി. വിളവെടുപ്പ് കഴിഞ്ഞ പാടശേഖരത്തിൽ ആനക്കര കൃഷിഭവന്റെ നിർദേശങ്ങൾ അനുസരിച്ചാണ് കൃഷി നടത്തുന്നത്. 25 കർഷകരാണ് ഒരുമിച്ച് വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നത്.കൃഷി വകുപ്പിന്റെ ഡിസ്ട്രിക്ട് ക്ലസ്റ്റർ പദ്ധതി പ്രകാരമാണ് കൃഷി. ഇതുപ്രകാരം ഒന്നേകാൽ ലക്ഷം രൂപയാണ് ലഭിക്കുക. ഓരോ കർഷകനും കൃഷി ഇറക്കിയതിന്റെ തോത് അനുസരിച്ചാണ് തുക ലഭിക്കുക. പാവൽ, പടവലം, തണ്ണിമത്തൻ, മത്ത, കുമ്പളം, വെള്ളരി, കക്കിരി, വെണ്ട, പയർ, ചീര തുടങ്ങി നിരവധി ഇനങ്ങളാണ് ഇവിടെ കൃഷി. പ്രാദേശിക മാർക്കറ്റുകളിൽ തന്നെയാണ് വിൽപന്. ജലസേചനത്തിന് കർഷക കൂട്ടായ്മയിൽ മേലഴിയം മിനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയെയാണ് ഇവർ ആശ്രയിക്കുന്നത്.

മൂലമറ്റം ടൗണിൽ റിങ് റോഡ് വേണമെന്ന് ആവശ്യം

മൂലമറ്റം : മൂലമറ്റം ടൗണിൽ റിങ് റോഡ് സ്ഥാപിക്കണമെന്ന ആവശ്യം ശക്തമാകുന്നു. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവർക്ക് പെട്ടെന്ന് മൂലമറ്റത്ത് എത്താൻ സാധിക്കുന്ന രീതിയിൽ റിങ് റോഡും പാലവും നിർമിക്കാനാണ് നടപടി വേണ്ടത്. മൂലമറ്റം വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിന്റെ മുന്നിൽ നിന്ന് എകെജി കോളനി വഴിയുള്ള റോഡ് നവീകരിക്കുകയും മൂലമറ്റം ത്രിവേണി സംഗമത്തിന് സമീപമുള്ള തൂക്കുപാലത്തിനടുത്ത് പുതിയ പാലം നിർമിക്കണം.

ഇതിന് ഫണ്ട് അനുവദിക്കുമെന്ന് എംഎൽഎ ഉറപ്പ് നൽകി വർഷങ്ങൾ പിന്നിട്ടിട്ടും നടപടിയായില്ല. ഈ പാലം കടന്നു ഇടക്കര ജംക്ഷനിൽ എത്തി മണപ്പാടി ചപ്പാത്ത് വഴി വാഗമൺ ഭാഗത്തേക്കുള്ള വാഹനങ്ങൾക്ക് ടൗണിൽ പ്രവേശിക്കാതെ പോകാം. മണപ്പാടി വലിയ പാലം കടന്ന് തേക്കിൻ കൂപ്പ്, കെഎസ്ആർടിസി വഴി മൂലമറ്റം ടൗണിലും പ്രവേശിക്കം. പുത്തേട് കണ്ണിക്കൽ പ്രദേശങ്ങളിലുള്ളവർക്ക് മൂലമറ്റത്ത് എത്താൻ എളുപ്പവഴിയുമാകും. അവശ്യഘട്ടങ്ങളിൽ കാഞ്ഞാറിനുള്ള സമാന്തരപാതയായും ഉപയോഗിക്കാം.

ഇടുക്കി റോഡിൽനിന്ന് മൂലമറ്റം ടൗണിൽ എത്തുന്ന വിധത്തിലും റിങ് റോഡ് പൂർത്തീകരിക്കണം. മൂലമറ്റം ആശ്രമം ഉളുപ്പൂണി റോഡ്, മൂലമറ്റം പതിപ്പള്ളി മേമുട്ടം ഉളുപ്പൂണി റോഡ്, മൂലമറ്റം ചേറാടി ആശ്രമം റോഡ് എന്നീ റോഡുകൾ പണിയാൻ തുടങ്ങി പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും റോഡ് ഗതാഗതയോഗ്യമാക്കി ബസ് ഗതാഗതം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അറക്കുളം പഞ്ചായത്തിലെ മലയോര ഗ്രാമങ്ങളിലുള്ളവർക്ക് മൂലമറ്റത്തെത്താൻ ബുദ്ധിമുട്ടാണ്


iPrarthana

വഴിപാടുകൾ ഇനി മുടങ്ങില്ല!

നിങ്ങളുടെ വിശ്വാസം കാക്കാൻ ഞങ്ങളെ വിശ്വസിച്ചതിന് നന്ദി!

ദക്ഷിണേന്ത്യയിലെ ആയിരത്തിലധികം ക്ഷേത്രങ്ങളിലും പതിനായിരകണക്കിന് വിശ്വാസികളുമായി സേവനത്തിൽ ഐ-പ്രാർത്ഥന എന്നും മുൻപന്തിയിൽ

https://iprarthana.net/

ഐ-പ്രാർത്ഥന ആപ്പിലൂടെയും വെബ്സൈറ്റിലൂടെയും നിങ്ങളുടെ ഇഷ്ടക്ഷേത്രങ്ങളിലെ വഴിപാടുകൾ ബുക്ക് ചെയ്യാവുന്നതാണ്

ക്ഷേത്രഭാരവാഹികളുടെ ശ്രദ്ധയ്ക്ക്

ക്ഷേത്രങ്ങളിലെ വഴിപാടുകളുടെ വരവ് ചിലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനും/വഴിപാട് ബുക്കിംഗിനുമായുള്ള ഐ-പ്രാർത്ഥനയുടെ ERP സോഫ്റ്റ്‌വെയർ ആകർഷകമായ നിരക്കിൽ ലഭ്യമാണ്.

Visit our Website/ Download our App:

GET IT ON Google Play

CONTACT US

☎ 1800 120 66 7777
(English & Malayalam)
+91 9061 452 000
✉ prarthana@imayas.net

കൊയ്തൊഴിഞ്ഞ പാടങ്ങളിൽ കൗതുകമായി ചെമ്മരിയാടുകളുടെ കൂട്ടം

എളവള്ളി: കൊയ്തൊഴിഞ്ഞ പാടങ്ങളിൽ തീറ്റതേടിയെത്തിയ ചെമ്മരിയാടുകളുടെ കൂട്ടം കൗതുകമായി. വാക കാക്കത്തിരുത്തി പാടശേഖരത്തിൽ തമിഴ്നാട്ടിൽ നിന്നും ആയിരത്തോളം ആടുകൾ ഒന്നിച്ച് മേയനെത്തിയത് കണ്ണിന് കുളിർമയേകുന്ന കാഴ്ചയായി. താറാവുകൂട്ടങ്ങൾ പാടത്ത് എത്താറുണ്ടെങ്കിലും ചെമ്മരിയാടുകൾ ഇവിടെ ആദ്യമായാണ്. കോയമ്പത്തൂരിൽ നിന്നും 5 അഞ്ച് കർഷകരാണ് ആടുകളെ മേച്ച് വാക പാടശേഖരത്തിലെത്തിയത്.

ആടുകളെ മേയ്ക്കാനും കൂട്ടം തെറ്റി പോകാതിരിക്കാനും കുറുക്കൻ, തെരുവുനായ്ക്കൾ തുടങ്ങിയ മറ്റു മൃഗങ്ങളിൽ നിന്നും ആട്ടിൻ പറ്റത്തെ സംരക്ഷിക്കാനുമായി പരിശീലനം ലഭിച്ച 8 നായ്ക്കളും കൂട്ടത്തിലുണ്ട്. തമിഴ്നാട്ടിൽ തീറ്റയുടെ അഭാവമാണ് ഇവയെ കേരളത്തിലെത്തിച്ചത്. ചെമ്മരിയാടുകളുടെ രോമത്തിന് നല്ല വില ലഭിക്കുകയും വിപണിയിൽ ആവശ്യം വർധിക്കുകയും ചെയ്തതോടെ കർഷകരുടെ എണ്ണം കൂടി. സ്വാഭാവികമായും അവിടെ തീറ്റ കുറഞ്ഞതാണ് അതിർത്തി ഗ്രാമങ്ങൾ വിട്ട് കേരളത്തിലെ വിവിധ ജില്ലകളിലേക്ക് ഇവയുടെ കടന്നുകയറ്റം. മഴക്കാലമായാൽ ആടുകൾക്ക് അസുഖം വരുമെന്നതിനാൽ മഴക്കാലം തുടങ്ങുന്നതോടെ കേരളം വിടുമെന്ന് കൂടെയെത്തിയ കർഷകൻ സുബ്രഹ്മണ്യൻ പറഞ്ഞു.

അവശ ജനവിഭാഗങ്ങൾക്ക് റേഷൻ ഉൽപന്നങ്ങൾ വീട്ടിലെത്തിക്കും

റേഷൻ കടകളിൽ നേരിട്ടെത്തി സാധനങ്ങൾ വാങ്ങാനാവാത്ത അവശ ജനവിഭാഗങ്ങൾക്ക് റേഷൻ ഉൽപന്നങ്ങൾ ഇനി വീട്ടിലെത്തിക്കും. ഭക്ഷ്യവകുപ്പ് നടപ്പാക്കുന്ന ഒപ്പം പദ്ധതിയിൽ ഓട്ടോ ഡ്രൈവർമാരുടെ സഹകരണത്തോടെയാണ് റേഷൻ വസ്തുക്കൾ വീട്ടിലെത്തിക്കുക. കിടപ്പു രോഗികൾ, ഒറ്റയ്ക്കു താമസിക്കുന്ന വയോധികർ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവർക്ക് ഒപ്പം പദ്ധതിയിൽ അംഗമാകാം. സർക്കാർ നടത്തിയ അതിദരിദ്ര സർവേയിൽ ഉൾപ്പെട്ടവർക്കാണ് ആദ്യഘട്ടത്തിൽ റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ചു നൽകുന്നത്.

ഒരു മാസത്തെ റേഷൻ ഒരുമിച്ചാണ് ഓട്ടോ ഡ്രൈവർമാർ വീട്ടിലെത്തിക്കുക. റേഷൻ കടകളിൽ നിന്നു ഓട്ടോ ഡ്രൈവർമാർക്കു നൽകുന്ന രശീത് കാർഡുടമകൾ ഒപ്പിട്ടു മടക്കി നൽകണം.

കനാൽവെള്ളം കിട്ടാതെ പ്രദേശങ്ങൾ; കൃഷിനാശം

പേരാമ്പ്ര: കനാൽ വെള്ളം എത്തിയില്ല. ഓട്ടുവയൽ, പന്നിമുക്ക്, എടക്കയിൽ ഭാഗങ്ങളിൽ ജലക്ഷാമം രൂക്ഷം. കനാൽ തുറന്നിട്ട് മാസങ്ങളായെങ്കിലും ഈ ഭാഗങ്ങളിലെ ജനങ്ങൾ വെള്ളം കിട്ടാതെ വലയുകയാണ്. കൃഷി പൂർണമായി കരിഞ്ഞ നിലയിലാണ്. ആവള ഡിസ്ട്രിബ്യൂട്ടറി കനാൽ കൃത്യമായി തുറക്കാത്തതാണു ജലക്ഷാമം രൂക്ഷമാകാൻ കാരണം.

2 ദിവസം മാത്രം വളരെ കുറഞ്ഞ അളവിൽ വെള്ളം ലഭിച്ചിരുന്നു. പിന്നെ അതും നിലച്ചു. കനാലിൽ ചില സ്ഥലത്ത് ചോർച്ച ഉള്ളതിനാൽ കൈക്കനാൽ അടച്ചതാണെന്നാണ് അധികാരികളുടെ വിശദീകരണം. വർഷങ്ങളായുള്ള അവസ്ഥയാണെങ്കിലും കനാൽ ചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്ത അധികൃതരുടെ നിലപാടിൽ ജനങ്ങൾക്ക് പ്രതിഷേധമുണ്ട്.

പരിഹാരമുണ്ടായില്ലെങ്കിൽ സമരം നടത്താൻ പ്രദേശവാസികൾ തീരുമാനിച്ചു. എത്രയും പെട്ടെന്ന് ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ തയാറാകണമെന്ന് ഓട്ടുവയൽ യൂണിറ്റ് കോൺഗ്രസ് കമ്മിറ്റി ആവശ്യപ്പെട്ടു. കെ.നാരായണൻ അധ്യക്ഷത വഹിച്ചു. എൻ.കുഞ്ഞിരാമൻ, ടി.എം.ബാലൻ, കെ.കെ.യൂസഫ്, യു.ഗംഗാധരൻ, വി.അമ്മദ്, വി.കെ.യൂസഫ്, വി.കെ.സലീന, ടി.കെ.ആമദ്, ടി.കെ.നഫീസ എന്നിവർ പ്രസംഗിച്ചു.

ബാണാസുര ജലസേചനപദ്ധതി

പൂർത്തിയായാൽ വൻ വികസനക്കുതിപ്പ്

പടിഞ്ഞാറത്തറ: ബാണാസുര ജലസേചന പദ്ധതി യാഥാർഥ്യമായാൽ കൃഷി, ടൂറിസം മേഖലകളിൽ വൻ കുതിച്ചു ചാട്ടമുണ്ടാകുമെന്നുറപ്പ്. വരൾച്ച മേഖലകളിൽ ശുദ്ധജല വിതരണവും സുലഭമാകും. എന്നാൽ, പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർമാണ ജോലികൾ തുടങ്ങിയ അന്നു മുതൽ വിവാദങ്ങളും പതിവാണ്. പതിവായി പ്രവൃത്തികൾ മുടങ്ങുന്നതും പാതി വഴി നിലയ്ക്കുന്നതും വൻ പ്രതിഷേധങ്ങൾക്ക് ഇടയാക്കിയിട്ടുമുണ്ട്.

സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ അധികൃതർ തയാറായിട്ടില്ലെന്നും വേണ്ട വിധത്തിൽ ഇടപെടലുകൾ നടത്തുന്നതിന് ജനപ്രതിനിധികളും മുന്നിട്ടിറങ്ങിയിട്ടില്ലെന്നും പോയ കാലത്തെ പരാതികളിൽ സജീവമാണ്. സർക്കാരിന്റെ പുതിയ കാഴ്പ്പാടിന് അനുസരിച്ച് എല്ലാ വിഭാഗങ്ങളും ഒത്തൊരുമയോടെ സഹകരിച്ചു പദ്ധതി യാഥാർഥ്യമാക്കാൻ ഒറ്റക്കെട്ടായി നീങ്ങണമെന്ന ആവശ്യം ശക്തമാണ്. എല്ലാ പ്രതിസന്ധികളും തരണം ചെയ്തു സമയബന്ധിതമായി പദ്ധതി തീർക്കുമെന്നു മന്ത്രി റോഷി അഗസ്റ്റിനും പറയുന്നു.

അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടി ബജറ്റിൽ 12 കോടി രൂപ അനുവദിച്ചു. ജല വിഭവ വകുപ്പിനു കീഴിലെ ഓഫിസുകൾ പുനഃസംഘടിപ്പിച്ചു പ്രവൃത്തികൾ ത്വരിത ഗതിയിലാക്കാനുള്ള നടപടികൾ സർക്കാർ തുടങ്ങിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് ബജറ്റിലെ തുകയ്ക്കു പുറമേ പണം ഇനിയും ആവശ്യമായിട്ടുണ്ട്. ഓരോ തവണയും ഡിപിആർ പുതുക്കേണ്ടി വരുമ്പോൾ പണം അനുവദിക്കുന്നതിനു കാലതാമസമുണ്ടാകുന്നുവെന്ന പരാതിയുമുണ്ട്. ഓരോ കാരണങ്ങൾ നിരത്തി പ്രവൃത്തി മുടങ്ങുന്ന അവസ്ഥ ഉണ്ടാകരുതെന്നാണു ജനങ്ങളുടെ ആവശ്യം.

കൊച്ചിക്ക് ജീവശ്വാസം നൽകാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി

വെൽനസ് പാർക്കും ഇവന്റ് ഹബ്ബും ഏപ്രിൽ മൂന്നിന് തുറക്കും

കൊച്ചി: കൊച്ചിക്ക് പുതിയ മുഖവും ജീവശ്വാസവും നൽകാൻ വെൽനസ് പാർക്കും ഇവന്റ് ഹബ്ബുമെന്ന നവീന ആശയവുമായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി എന്ന സംരഭകൻ വീണ്ടും എത്തുന്നു.നഗരജീവിതത്തിൽ വീർപ്പുമുട്ടുന്നവർക്ക് സമ്മർദ്ദങ്ങൾ അകറ്റി ആരോഗ്യകരമായ ജീവിതം പ്രദാനം നൽകുകയെന്ന ലക്ഷ്യത്തോടെ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി നേതൃത്വം നൽകുന്ന ജീവകാരുണ്യ പ്രസ്ഥാനമായ ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന വെൽനസ് പാർക്കും ഇവന്റ് ഹബ്ബും അടങ്ങുന്ന ചിറ്റിലപ്പിള്ളി സ്ക്വയർ ഏപ്രിൽ മൂന്നിന് പൊതുജനങ്ങൾക്കായി തുറന്നു നൽകും.

കൊച്ചി സീപോർട്ട് എയർപോർട്ട് റോഡിൽ ഭാരത് മാതാ കോളജിന് എതിർവശത്ത് 11 ഏക്കർ സ്ഥലത്താണ് ചിറ്റിലപ്പിള്ളി സ്ക്വയർ എന്ന വെൽനെസ്സ് പാർക്കിന്റെയും ഇവന്റ് ഹബ്ബിന്റെയും നിർമ്മാണം രണ്ടര വർഷം കൊണ്ടു പൂർത്തിയായയിരിക്കുന്നത്. നഗര തിരക്കുകളിൽ നിന്നും ദൈനംദിന ജീവിതത്തിലെ വിവിധ സമ്മർദ്ദങ്ങളിൽ നിന്നും മാറി പൊതുജനങ്ങൾക്ക് എല്ലാം മറന്ന് ഒത്തുചേരാനും സന്തോഷിച്ചുല്ലസിക്കാനുമായി വിഭാവനം ചെയ്തിരിക്കുന്ന വേദിയാണ് ചിറ്റിലപ്പിള്ളി സ്ക്വയർ എന്ന് ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ലാഭം ലക്ഷ്യമാക്കിയുള്ളതല്ല ചിറ്റിലപ്പിള്ളി സ്ക്വയർ.ഉയർന്ന നിലവാരത്തിലുള്ള വെൽനസ് പാർക്ക്, ഇവന്റ് ഹബ്ബ്, ഭക്ഷണശാല എന്നിങ്ങനെ 145 കോടി ചെലവിൽ ഒരു കുടക്കീഴിൽ എല്ലാ സൗകര്യവും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിലാണ് ഇതിന്റെ രൂപകൽപ്പന. ആനന്ദവും, ആരോഗ്യവും, ആഘോഷവും ആണ് ചിറ്റിലപ്പിള്ളി സ്ക്വയറിന്റെ മുഖ മുദ്രയെന്നും അദ്ദേഹം പറഞ്ഞു.

11 ഏക്കറിൽ എട്ട് ഏക്കറിൽ ആണ് ഇപ്പോൾ ഉപയോഗിച്ചിരിക്കുന്നത്.ബാക്കിയുള്ള മൂന്നു ഏക്കറിൽ ഭാവിയിൽ ഡെവലപ്മെന്റ് നടത്താനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്നും കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പറഞ്ഞു.സൗകര്യങ്ങൾ കൂടിവരുന്തോറും പല കാരണങ്ങളും കൊണ്ട് ജനങ്ങളുടെ ആരോഗ്യം കുറഞ്ഞുവരികയാണ്.അതിനൊക്കെ ഒരു പരിഹാരം മെന്ന നിലയിലാണ് വ്യായാമത്തിനും മറ്റും കൂടുതൽ സൗകര്യം നൽകുന്ന വിധത്തിൽ ചിറ്റിലപ്പിള്ളി സ്ക്വയർ രൂപ കൽപ്പന ചെയ്തിരിക്കുന്നത്.കുട്ടികൾക്ക് കോച്ചിന്റെ സഹായത്തോടെ നീന്തൽ അടക്കം പഠിക്കാനുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്.ഒപ്പം അവരുടെ ആത്മധൈര്യം വർധിപ്പിക്കാൻ സഹായിക്കുന്ന വിധത്തിൽ അഡ്വഞ്ചർ സ്പോർടസും ഇവിടെ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലാഭം ലക്ഷ്യമാക്കിയുള്ള പദ്ധതിയല്ല ചിറ്റിലപ്പിള്ളി സ്ക്വയർ എന്ന് വാർത്താ സമ്മേളനത്തിൽ പങ്കെടുത്ത വിഗാർഡ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു.സാധാരണക്കാർക്ക് സാധിക്കുന്ന വിധത്തിലുള്ള ഫീസാണ് നിശ്ചയിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.ആരോഗ്യസംരക്ഷണം, സാഹസികത, കായിക വിനോദം എന്നിവയാണ് പ്രധാനമായും വെൽനസ് പാർക്കിൽ സജ്ജമാക്കിയിരിക്കുന്നത്.

മനോഹരമായ പൂന്തോട്ടങ്ങൾക്ക് ചുറ്റിലുമായി ആധുനിക രീതിയിലുള്ള ഉപകരണങ്ങളോടു കൂടിയ ഓപ്പൺ ജിം, നടക്കാനും ഓടാനും സൈക്ലിംഗിനും സൗകര്യമുള്ള ട്രാക്കുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. സാധാരണ സൈക്കിംളിംഗ് കൂടാതെ ഫാമിലി സൈക്ലിംഗ്, ഡ്യുയറ്റ് സൈക്ലിംഗിനുള്ള സൗകര്യവും ഉണ്ട്. സമ്മർദ്ദമകറ്റുകയെന്ന ലക്ഷ്യത്തോടെ സ്വാഭാവിക രീതിയിൽ ശുദ്ധവായു ശ്വസിക്കാവുന്ന വിധത്തിലുള്ള പ്രകൃതി സുന്ദരമായ ഉദ്യാനമാണ് മറ്റൊരു പ്രത്യേകത. സാഹസികത ഇഷ്ടപ്പെടുന്നവർക്കായി ഡബിൾ ലെവൽ റോപ്പ് കോഴ്സ്, സിപ്പ്ലൈൻ, റോക്ക് ക്ലൈംബിംഗ് എന്നിവയും ഇവിടെ ഒരുക്കിയിട്ടുണ്ട്. കായിക വിനോദത്തിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള ക്രിക്കറ്റ് ബാറ്റിംഗ് പിച്ച്, ബാസ്ക്കറ്റ് ബോൾ/വോളി ബോൾ കോർട്ടും, റോളർ സ്കേറ്റിംഗ് ട്രാക്കും ഇവിടെയുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കുമായി പ്രത്യേകം നീന്തൽക്കുളങ്ങളും സജ്ജമാണ്. കുട്ടികൾക്ക് കളിച്ചുല്ലസിക്കാനായി വിവിധ വിനോദ ഉപകരണങ്ങൾ അടക്കം പ്രത്യേക ഏരിയ തന്നെ സജ്ജമാക്കിയിട്ടുണ്ട്.

കൂടാതെ ട്രാഫിക് നിയമ ബോധവൽക്കരത്തിനായുള്ള ചിൽഡ്രൻസ് ട്രാഫിക് പാർക്കാണ് മറ്റൊരു പ്രത്യേകത. ഒപ്പം കുട്ടികൾക്കായി ശലഭോദ്യാനം, ഫിഷ് പോണ്ട്, ബേഡ്സ് പോണ്ട്, വിവിധങ്ങളായ ഗെയിമുകൾ അടക്കം ഇവിടെ സജ്ജമാണ്. കണ്ണുകൾക്ക് ആനന്ദം പകരുന്ന വിധത്തിൽ സ്വാഭാവിക രീതിയിലുള്ള ലാൻഡ് സ്കേപ്പ് മറ്റൊരു ആകർഷണമാണ്.വിവാഹം, കോർപ്പറേറ്റ് ഇവന്റുകൾ, ട്രെയ്നിംഗ് പ്രോഗ്രാമുകൾ, എക്സിബിഷനുകൾ, സംഗീത, സിനിമാ നിശകൾ, അവാർഡ് ഷോകൾ തുടങ്ങിയവയക്ക് അനുയോജ്യമായ ആധുനിക രീതിയിലുള്ള മൾട്ടിപർപ്പസ് കൺവെൻഷൻ ഹാളുകൾ ഇവന്റ് ഹബ്ബിൽ ഒരുക്കിയിട്ടുണ്ട്. കുടുംബങ്ങൾക്കും, ഗ്രൂപ്പുകൾക്കും ഒന്നിച്ചു കൂടുന്നതിനും ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനും, കോർപ്പറേറ്റ് മീറ്റിംഗുകൾക്കും അനുയോജ്യമായ വിധത്തിലും പല വലിപ്പത്തിലും ക്രിമീകരിക്കാവുന്നവയാണ് കൺവെൻഷൻ സെന്ററുകൾ. കൂടാതെ ഓപ്പൺ ഏരിയയിൽ എക്സിബിഷനുകളും പ്രോഗ്രാമുകളും മറ്റും സംഘടിപ്പിക്കാനുള്ള സൗകര്യങ്ങളുമുണ്ട്.കൂടാതെ താമസിക്കുന്നതിനായി 22 ഓളം സ്യൂട്ട് റൂമുകളും ഉണ്ട്. ചിറ്റിലപ്പിള്ളി സ്ക്വയറിൽ എത്തുന്ന സന്ദർശകരെ കൂടാതെ പുറമെനിന്നുള്ളവർക്കും ഭക്ഷണം ലഭ്യമാക്കുന്ന ഉന്നത നിലവാരത്തിലുള്ള എയർ കണ്ടീഷനോടുകൂടിയ റസ്റ്റോറന്റാണ് മറ്റൊരു ആകർഷണം. ഒരേ സമയം 500 ൽ അധികം കാറുകൾക്ക് പാർക്ക് ചെയ്യാൻ കഴിയുന്ന മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിന് പുറമെ വിശാലമായ ഓപ്പൺ പാർക്കിംഗ് സ്ഥലവും ഇവിടെയുണ്ട്.700 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള സോളാർ സിസ്റ്റവും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.ഏഴരലക്ഷം ലിറ്റർ മഴവെള്ളം സംഭരിക്കാനുള്ള മഴവെള്ള സംഭരണിയും സജ്ജമാക്കിയിട്ടുണ്ട്.രാവിലെ 6 മുതൽ 9 വരെയും 11 മുതൽ രാത്രി 8 വരെയും രണ്ട് സെക്ഷനുകളായാണ് ചിറ്റിലപ്പിള്ളി സ്ക്വയറിന്റെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. ആറു മുതൽ എട്ടുവരെ 30 ദിവസത്തേയ്ക്ക് 1200 രൂപയും 11 മുതൽ രാത്രി എട്ടുവരെയുള്ള 2000 രൂപയുമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.രാവിലെ 6 മണി മുതൽ 9 വരെ ഹെൽത്ത് ആന്റ് വെൽനെസ്സ് ആക്ടിവിറ്റീസ് ഉൾപ്പെടുന്ന പാർക്കിന്റെ ഭാഗം മാത്രമായിരിക്കും തുറന്ന് പ്രവർത്തിക്കുന്നത്.

പ്രവേശന ഫീസ്, പാക്കേജുകൾ, ബുക്കിംഗ് തുടങ്ങിയ വിശദ വിവരങ്ങൾക്കായി വെബ്സൈറ്റ് സന്ദർശിക്കുക. ൦൦൦.രവശശേഹമുശഹഹ്യൊൗമൃല.രീ.ഫോൺ: 7558942424.ചിറ്റിലപ്പിള്ളി സ്ക്വയറിന്റെ ആപ്പ് ഉടൻ തന്നെ പ്രാവർത്തികമാകും ഇതുവഴിയും പൊതുജനങ്ങൾക്ക് ടിക്കറ്റ് ബുക്കു ചെയ്യാൻ സാധിക്കും. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിയുടെയും കുടുംബത്തിന്റെയും സ്മരണ എക്കാലവും നിലനിർത്തണമെന്ന ചിറ്റിലപ്പിള്ളി ഫൗണ്ടേഷനിലെ മുഴുവൻ ജീവനക്കാരുടെയും ആഗ്രഹപ്രകാരമാണ് ഇത്തരത്തിൽ ഒരു പദ്ധതി ആരംഭിച്ചതെന്നും തങ്ങളുടെ ആഗ്രഹത്തിന് അദ്ദേഹം ഒപ്പം നിൽക്കുകയായിരുന്നുവെന്നും വാർത്താ സമ്മേളനത്തിൽ പങ്കെടുത്ത ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ഡയറക്ടർ ബി ജയരാജ് പറഞ്ഞു.

വീഗാലന്റ് ഡെവലപേഴ്സ് ജനറൽ മാനേജർ(പ്രോജക്ട്) ബി ജോയ്,ചിറ്റിലപ്പിള്ളി സ്ക്വയർ അസിസ്റ്റന്റ് ജനറൽ മാനേജർ(ഓപ്പറേഷൻസ്) മനോജ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

മത്സ്യകൃഷിക്കായി ഫാം പോണ്ടുകൾ

സംസ്ഥാന സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി വേലൂർ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ കഠിനധ്വാനത്തിൽ ഒരുങ്ങിയത് മൂന്ന് ഫാം പോണ്ടുകൾ. ജലദിനത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പഞ്ചായത്തിൽ മൂന്ന് ഫാം പോണ്ടുകൾ യാഥാർത്ഥ്യമാക്കിയത്. ജലസംരക്ഷണത്തോടൊപ്പം മണ്ണ് സംരക്ഷണം, മത്സ്യകൃഷി എന്നിവയാണ് ഫാം പോണ്ടുകളിലൂടെ ലക്ഷ്യമിടുന്നത്.

എട്ട് മീറ്റർ നീളവും നാലര മീറ്റർ വീതിയും മൂന്ന് മീറ്റർ ആഴവുമുള്ള ഫാം പോണ്ടുകൾ കാഴ്ചയിലും മനോഹരമാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ കഠിനപ്രയത്നമാണ് ഇത് യാഥാർഥ്യമാക്കിയത്. പഞ്ചായത്തിലെ പതിനാറാം വാർഡിൽ രണ്ട് ഫാം പോണ്ടുകളും അഞ്ചാം വാർഡിൽ ഒരു ഫാം പോണ്ടുമാണ് ഒരുക്കിയിട്ടുള്ളത്. 1.32 ലക്ഷം രൂപ വീതമാണ് ഓരോ ഫാം പോണ്ടുകൾക്കും വേണ്ടി വിനിയോഗിച്ചത്.

മത്സ്യകൃഷിവഴി സ്വന്തമായി വരുമാനം കണ്ടെത്താനും സ്വയംപര്യാപ്തത കൈവരിക്കാനും കഴിയുമെന്നും ഇത്തരം വികസന പദ്ധതികൾക്ക് പഞ്ചായത്ത് ഊന്നൽ നൽകുന്നുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് ടി ആർ ഷോബി പറഞ്ഞു. വേനൽക്കാലത്തെ ജലക്ഷാമത്തിനും ആശ്വാസമാകാൻ ഫാം പോണ്ടുകൾക്കാകും. ഫാം പോണ്ടുകളുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ടി ആർ ഷോബി നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് കർമ്മല ജോൺസൺ അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷേർളി ദിലീപ്കുമാർ, തുടങ്ങിയവർ പങ്കെടുത്തു.

ഇമാക് 'സൈലന്റ് ഹീറോസ്–23 ; മാർച്ച് 29ന് കൊച്ചിയിൽ

കൊച്ചി :കേരളത്തിലെ ഇവന്റ് മാനേജർമാരുടെ സംഘടനയായ 'ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക്) സൈലന്റ് ഹീറോസ് അവാർഡുകളുടെ നാലാമത് പതിപ്പ് മാർച്ച് 29ന് കൊച്ചിയിൽ ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ വച്ച് നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.കേരളത്തിലുടനീളമുള്ള ഇവന്റ് മാനേജർമാരുടെ സുസ്ഥിര സേവനങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഇമാക് അവരുടെ പാർട്നേഴ്സിനായി അവാർഡ്സ് നൽകുന്നത്.വർഷങ്ങളായി സംസ്ഥാനത്തിലുടനീളമുള്ള ഇവന്റ് മാനേജ്മെന്റ് ഏജൻസികളെയും പ്രഫഷണലുകളെയും ആദരിക്കുകയും അനുമോദിക്കുകയും ചെയുന്ന വേദിയാണ് ഇമാക് സൈലന്റ് അവാർഡ്സ്. ഇവന്റ് ഡെക്കോർ ആൻഡ് പ്രൊഡക്ഷൻ, ടെക്നിക്കൽ സപ്പോർട്ട് ആന്റ് സൊല്യൂഷൻസ്, എന്റർടൈൻമെന്റ് ഡിസൈൻ, വെന്യു ആൻഡ് കാറ്ററിംഗ് സൊല്യൂഷൻസ്, പേഴ്സണലൈസ്ഡ് സൊല്യൂഷൻസ് എന്നിങ്ങനെ 5 തലങ്ങളിലായി 55 വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സ്വർണം, വെള്ളി, വെങ്കല മെഡലുകൾ 2023 ലെ സൈലന്റ് ഹീറോസ് അവാർഡ് ജേതാക്കൾക്ക് സമ്മാനിക്കും. കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് മേഖലയിലെ ശ്രദ്ധേയമായ നേട്ടങ്ങൾ ആഘോഷിക്കുവാൻ സാധിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇവന്റ് മാനേജ്മെന്റ് മേഖലയിലെ വിശിഷ്ട വ്യക്തികളും പ്രൊഫഷണലുകളും ഒത്തുചേരുന്നതിനാൽ ഈ വർഷത്തെ അവാർഡ് നിശ കൂടുതൽ മികവുറ്റതാവുമെന്ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള പ്രസിഡന്റ് രാജു കണ്ണമ്പുഴ പറഞ്ഞു.കേരളത്തിലെ വിവിധ ഇവന്റ് മാനേജ്മെന്റ് ഏജൻസികളെ ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരികയും അതുവഴി ഇവന്റ് മാനേജ്മെന്റ് ഏജൻസികളുടെ ഏക പ്രതിനിധി സംഘടനയായി മാറുകയും ചെയ്യുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് 2009 ജൂലൈ 01 ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള 'ഇമാക് 'രൂപീകരിച്ചത്. ഇവന്റ് ആൻഡ് എന്റർടൈൻമെന്റ് മാനേജ്മെന്റ് അസോസിയേഷനുമായി 'ഇമാക് ' ന് അഫിലിയേഷൻ ഉണ്ട്.ഇവന്റുകളിലെയും അനുബന്ധ വ്യവസായങ്ങളിലെയും പ്രൊഫഷണലുകൾക്ക് ഒരു മികച്ച നെറ്റ്വർക്കിംഗ് അവസരമാണ് ഇവന്റ് വാഗ്ദാനം ചെയ്യുന്നത്.പരിപാടിയിൽ ബി2ബി എക്സ്പോ, വിജ്ഞാന സെഷനുകൾ, മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, അവാർഡുകൾ, വിനോദ പരിപാടികൾ എന്നിവ നടക്കും. നിത്യമാമ്മൻ, ആര്യ ധയാൽ, താമരശ്ശേരി ചുരം, അറബിക്ക് ബാൻഡായ മിഹ്രിബൻ, ഡാൻസ് ഗ്രൂപ്പുകളായ ജെറിസ് ക്രൂ, താണ്ഡവ്, ഡൈനാമിക് ഹീറോസ്, വിവിധ വിഭാഗങ്ങളിലെ പ്രശസ്ത സംഗീതജ്ഞരും ബാൻഡുകളും പരിപാടികൾ അവതരിപ്പിക്കും.ഇവന്റ് മാനേജ്മെന്റ് മേഖലയിലെ വിവിധ പ്രഫഷണലുകൾക്കും മറ്റ് വ്യവസായമേഖലകളിലെ പ്രവർത്തകർക്കും ഒത്തുചേരുവാനുള്ള അവസരമായിരിക്കും ഈ പരിപാടി. ഇമാക് സെക്രട്ടറിജി രാജേഷ്, ഇമാക് വൈസ് പ്രസിഡന്റ് ജുബിൻ ജോൺ, ഇമാക് ട്രഷറർജിൻസി തോമസ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

പെപ്സിയുടെ ബ്രാൻഡ് അംബാസിഡറായി യാഷ്

pepsi
RISE UP BABY!
pepsi
pepsi

കൊച്ചി: പെപ്സിയുടെ പുതിയ ബ്രാൻഡ് അംബാസിഡറായി സിനിമാ താരം യാഷ്. യുവാക്കൾക്കായുള്ള റൈസ് അപ്പ് ബേബി എന്ന സമ്മർ ക്യാംപയിനിലാണ് യാഷിനെ പെപ്സി അവതരിപ്പിക്കുന്നത്. 125 ാം വർഷം ആഘോഷിക്കുന്ന വേളയിലാണ് പെപ്സി ബ്രാൻഡ് സമ്മർ ക്യംപയിൻ പുറത്തിറക്കുന്നത്. യാഷുമായി കൈകോർത്തതുമുതൽ തങ്ങൾക്ക് മികച്ച പ്രതികരണം ആണ് ലഭിച്ചതെന്ന് പെപ്സി കാറ്റഗറി ലീഡ് സൗമ്യ റാത്തോർ പറഞ്ഞു. എല്ലാ പ്രതിബന്ധങ്ങൾക്കിടിയിലും ആത്മവിശ്വാസത്തോടെ മറ്റുള്ളവർക്ക് പ്രചോദകമാകണമെന്നാണ് ക്യാംപയിനിലൂടെ യാഷ് പറയുന്നത്. റൈസ് അപ്പ് ബേബി എന്ന ക്യാംപയിന്റെ വീഡിയോ യാഷ് ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചിട്ടുണ്ട്.

കുമാർ മംഗലം ബിർള പത്മഭൂഷൺ പുരസ്കാരം ഏറ്റുവാങ്ങി

കൊച്ചി: വ്യവസായി ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗലം ബിർള രാഷ്ട്രപതി ഭവനിൽ വച്ച് നടന്ന ചടങ്ങിൽ ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് പത്മഭൂഷൺ പുരസ്കാരം ഏറ്റുവാങ്ങി. വ്യാപാര വ്യവസായ മേഖലകളിലെ സംഭാവനകൾ പരിഗണിച്ചാണ് ബിർളയെ പത്മഭൂഷൺ നൽകി ആദരിച്ചത്.രാഷ്ട്രനിർമ്മാണത്തിന്റെയും ട്രസ്റ്റിഷിപ്പിന്റെയും മനോഭാവം തലമുറകളായി എന്റെ കുടുംബത്തെ മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ദേശീയ ബഹുമതി തന്നെ തീർച്ചയായും വിനയാന്വിതനാക്കുകയാണെന്ന് ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗലം ബിർള പറഞ്ഞു.36 രാജ്യങ്ങളിൽ നിന്നുള്ള 1,40,000 സഹപ്രവർത്തകർക്ക് വേണ്ടി ഈ അഭിമാനകരമായ ബഹുമതി സ്വീകരിക്കുന്നു. ബഹുമതിക്ക് ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമുവിനും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും നന്ദി പറയുന്നു. നന്മയ്ക്ക് വേണ്ടിയുള്ളതാണ് ബിസിനസ്സ് എന്ന് പ്രവർത്തനങ്ങളിലൂടെ തെളിയിക്കുന്നതിലും ജീവിതത്തെ പരിപോഷിപ്പിക്കുന്നതിലും ആദിത്യ ബിർള ഗ്രൂപ്പിൻറെ ദീർഘകാല പ്രവർത്തനത്തിനുള്ള അംഗീകാരമാണ് ഈ അവാർഡെന്നും കുമാർ മംഗലം ബിർള പറഞ്ഞു

ഇസാഫ് ബാങ്ക് ഇടപാടുകാർക്ക് ജിയോജിത് ത്രീഇൻവൺ അക്കൗണ്ട് സൗകര്യം നൽകുന്നു

GEOJIT
PEOPLE YOU PROSPER WITH

കൊച്ചി: പ്രമുഖ നിക്ഷേപ സേവന ദാതാക്കളായ ജിയോജിത്, ഇസാഫ് ബാങ്കുമായിച്ചേർന്ന് ഇസാഫ് ഉപഭോക്താക്കൾക്ക് ത്രീഇൻവൺ അക്കൗണ്ട് ആരംഭിക്കാനുള്ള സൗകര്യം നൽകുന്നു. ഇതോടെ, ഇസാഫ് സേവിംഗ്സ് അക്കൗണ്ട് ഇടപാടുകാർക്ക് സൗജന്യമായി ജിയോജിത് ഡിമാറ്റ് അക്കൗണ്ടും ട്രേഡിംഗ് അക്കൗണ്ടും ആരംഭിക്കാൻ കഴിയുമെന്ന് ഇസാഫ് ബാങ്ക് എക്സിക്യൂട്ടീവ്വൈസ് പ്രസിഡന്റ് ജോർജ്ജ് കെ ജോൺ പറഞ്ഞു.ഇസാഫ് ബാങ്ക് ഉപഭോക്താക്കൾക്ക് ഈ ട്രേഡിംഗ് അക്കൗണ്ടിലൂടെ ജിയോജിത് വാഗ്ദാനം ചെയ്യുന്ന ഓൺലൈൻ നിക്ഷേപ സംവിധാനങ്ങളിൽ എളുപ്പം നിക്ഷേപിക്കാൻ സാധിക്കും. തങ്ങളുടെ സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്ന് യുപിഐ, നെഫ്റ്റ് സംവിധാനങ്ങളിലൂടെ നിക്ഷേപത്തിനായുള്ള പണമയക്കാൻ ത്രീഇൻവൺ അക്കൗണ്ട് സഹായിക്കും.2024 മാർച്ചിനു മുമ്പ് അക്കൗണ്ടു തുറക്കുന്നവർക്ക് വാർഷിക മെയിന്റനൻസ് ചാർജ്ജിൽ ഇളവും ബ്രോക്കറേജ് പ്ളാനിൽ ആനുകൂല്യവും ലഭ്യമാകും.ഇസാഫിന്റെ ഇടപാടുകാർക്ക് ഓഹരി വിപണിയുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ പരിചയപ്പെടുത്തുക വഴിസേവനം വിപുലീകരിക്കുക എന്ന ലക്ഷ്യമാണ് ജിയോജിതുമായിച്ചേർന്ന് നടപ്പാക്കുന്നതെന്ന് ജോർജ്ജ് കെ ജോൺ പറഞ്ഞു. ഇസാഫ് അതിന്റെ വാർഷികം ആഘോഷിക്കുന്ന വേളയിൽ ജിയോജിത്തുമായി സഹകരിച്ചു പ്രവർത്തിക്കാൻ ധാരണയായത് വളരെ സന്തോഷം നൽകുന്നു.നിക്ഷേപ സംവിധാനങ്ങളുടേയും സമ്പത്ത് നിർമ്മാണത്തിന്റേയും പുതിയൊരു ലോകം തന്നെയാണ് ഇസാഫ് ബാങ്ക് ഉപഭോക്താക്കൾക്കു മുന്നിൽതുറക്കുന്നതെന്ന് ജിയോജിത് എക്സിക്യൂട്ടീവ് ഡയറക്ടർ സതീഷ്മേനോൻ അഭിപ്രായപ്പെട്ടു.പ്രത്യേകം രൂപകൽപന ചെയ്ത ത്രീഇൻവൺ അക്കൗണ്ടുകൾ ഓഹരികളിലും വിവിധ സാമ്പത്തിക ഉൽപന്നങ്ങളിലും ട്രേഡിംഗ് എളുപ്പമാക്കും. അതിവേഗം അക്കൗണ്ടു തുറക്കാൻ കഴിയുന്നതിനാൽ മിനിട്ടുകൾക്കകം നിക്ഷേപിക്കാനും ഒറ്റ അക്കൗണ്ടിൽ തന്നെ നിക്ഷേപങ്ങളുടെ വൈവിധ്യവൽക്കരണത്തിനും സാധിക്കുന്നു അദ്ദേഹംകൂട്ടിച്ചേർത്തു.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

കൊച്ചി: വ്യവസായ വാണിജ്യ വകുപ്പ് മുഖേന എടുത്ത മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചു തീർക്കാൻ വ്യവസായ സംരംഭകർക്കായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ജൂൺ 3 വരെ നിബന്ധനകൾക്ക് വിധേയമായി വായ്പ കുടിശ്ശിക തീർപ്പാക്കാം.കാറ്റഗറി ഒന്ന് പ്രകാരം സംരംഭകൻ മരണപ്പെടുകയും സംരംഭം പ്രവർത്തനരഹിതമായിരിക്കുന്നതും ആസ്തികൾ ഒന്നും നിലവിലില്ലാത്തതുമായ യൂണിറ്റുകളുടെ മാർജിൻ മണി വായ്പ കുടിശ്ശിക തുക എഴുതിത്തള്ളും.കാറ്റഗറി രണ്ട് പ്രകാരം പിഴപ്പലിശ പൂർണമായും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുന്ന തീയതി വരെ ആറ് ശതമാനം നിരക്കിൽ പലിശ കണക്കാക്കുന്നതും പലിശയുടെ 50 ശതമാനം തുക ഇളവ് ചെയ്തും നൽകും.

ഇ.എസ്.ഐ ഡിസ്പെൻസറി 27 മുതൽ വൈറ്റിലയിൽ

കൊച്ചി: എറണാകുളം നോർത്തിൽ ഇ.എസ്.ഐ ആശുപത്രി കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന എറണാകുളം നമ്പർ 2 ഇ.എസ്.ഐ ഡിസ്പെൻസറി മാർച്ച് 27 മുതൽ വൈറ്റിലയിലാകും പ്രവർത്തിക്കുകയെന്ന് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ അറിയിച്ചു. നഴ്സറി സ്കൂൾ റോഡിൽ പ്രൈമറി ഹെൽത്ത് സെന്ററിന് സമീപമാണ് പുതിയ ഡിസ്പെൻസറി. വിലാസം: ബിൽഡിംഗ് നമ്പർ 48/1623എ ശ്രീരംഗം, പൊന്നുരുന്നി ഈസ്റ്റ്, വൈറ്റില682019. ഫോൺ 04842391022.

പ്ലാസ്റ്റിക് മാലിന്യം പുനസംസ്കരിക്കുന്നതിന് അനുയോജ്യം കെമിക്കൽ റീസൈക്ക് ളിംഗ്: ബ്രെറ്റ് ബെർണാഡ്

രണ്ട് ടൺ പ്ലാസ്റ്റിക് മാലിന്യം തന്നാൽ വൈകീട്ട് 14 ബാരൽ ഡീസൽ തരാമെന്ന് ബ്രെറ്റ് ബെർണാഡ്

SSET
5.2 MMT/annum
4.05 MMT/annum
2.43 MMT/annum
1.40 MMT/annum

കൊച്ചി: പ്ലാസ്റ്റിക് മാലിന്യം പുനസംസ്കരിക്കുന്നതിന് ഇന്ത്യയിൽ നിലവിൽ ഉപയോഗിക്കുന്ന മെക്കാനിക്കൽ റീസൈക്ക്ളിംഗല്ല കെമിക്കൽ റീസൈക്ക് ളിംഗാണ് അനുയോജ്യമെന്ന് ജർമൻ കമ്പനിയായ ബിപഒ എൻജിനീയറിംഗിന്റെ ഇന്ത്യയിലെ സംരംഭത്തിന്റെ എംഡിയും എൽഎൻജിപെട്രോകെമിക്കൽ വ്യവസായ വിദഗ്ധനുമായ ബ്രെറ്റ് ബെർണാഡ്. പ്രമുഖ ബിൽഡർ അസറ്റ് ഹോംസ് നടത്തി വരുന്ന ബിയോണ്ട് സ്ക്വയർ ഫീറ്റ് പ്രഭാഷണ പരമ്പരയിലെ ജലദിനപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. എട്ടു കോടി രൂപ മുതൽക്കാണ് ബിപിഒ എൻജിനീയറിംഗ് വികസിപ്പിച്ചെടുത്തിരിക്കുന്ന ഈ മെഷീനറിക്ക് ചെലവു വരുന്നത്. ഇതിനാവശ്യമായ സ്ഥലവും ഓരോ ദിവസവും വൃത്തിയാക്കിയ രണ്ടു ടൺ പ്ലാസ്റ്റിക് മാലിന്യവും നൽകിയാൽ വൈകിട്ട് 14 ബാരൽ (യുഎസ്) ഡീസൽ തരാമെന്ന് അദ്ദേഹം പറഞ്ഞു. ഇന്നത്തെ വിപണിവിലയിൽ ഏതാണ്ട് ഒരു ലക്ഷം രൂപ വില മതിക്കുന്ന ഡീസൽ. അങ്ങനെ ഏതാണ്ട് നാലര വർഷം കൊണ്ട് മുടക്കുമുതൽ തിരിച്ചുപിടിക്കാവുന്ന മാതൃകയാണ് കമ്പനി മുന്നോട്ടു വെയ്ക്കുന്നത്. മെഷീനറി ഇന്ത്യയിൽത്തന്നെ നിർമിക്കാനായാൽ 5 കോടി രൂപയ്ക്ക് മെഷീനറി ലഭ്യമാക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു.ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കാണ് ഏറ്റവും വലിയ ജലമാലിന്യമെന്ന് അദ്ദേഹം പറഞ്ഞു. ലോകമെമ്പാടുമായി വർഷം തോറും 17.6 ബില്യൺ പൗണ്ട് പ്ലാസ്റ്റിക് മാലിന്യമാണ് ഭൂമിയിലും പുഴകളിലും കടലിലുമായി വന്നടിയുന്നത്. ഇതുകൊണ്ട് കടലാമകൾക്ക് മാത്രമല്ല ഭീഷണി. കാലക്രമേണ ഇവ പൊടിഞ്ഞും തകർന്നും മൈക്രോ പ്ലാസ്റ്റിക്കാവുന്നു. ഇന്ന് ഉപ്പ്, തേൻ, ബീയർ തുടങ്ങി നമ്മുടെ മിക്കവാറും എല്ലാ ഭക്ഷണപാനീയങ്ങളിലും നമ്മൾ ശ്വസിക്കുന്ന വായുവിൽ വരെ മൈക്രോപ്ലാസ്റ്റിക്കിന്റെ സാന്നിധ്യമുണ്ട്. ഇപ്പോൾ മുതൽ ഈ നൂറ്റാണ്ടിന്റെ പകുതിവരെയുള്ള കാലത്തിനിടെ മാനവരാശിയുടെ ചരിത്രത്തിൽ ഇതുവരെ നിർമിക്കപ്പെട്ടിട്ടുള്ള മൊത്തം പ്ലാസ്റ്റിക്കിന്റെ നാലിരട്ടി വരെ ഉൽപ്പാദിപ്പിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. എന്തെങ്കിലും ചെയ്യാനുള്ള സമയം ഇപ്പോഴാണ്, ഇല്ലെങ്കിൽ വൈകിപ്പോവും. ഒരു പ്ലാസ്റ്റിക് സുനാമിയാണ് നമ്മളെ കാത്തിരിക്കുന്നതെന്നും അദ്ദേഹം ഓർമിപ്പിച്ചു. നിലവിൽ 9% പ്ലാസ്റ്റിക് മാത്രമാണ് ആഗോളതലത്തിൽ റീസൈക്കി ചെയ്യപ്പെടുന്നത്. പാക്കേജിംഗ് വ്യവസായമാണ് പ്ലാസ്റ്റിക് മാലിന്യരംഗത്തെ പ്രധാന വില്ലൻ. ശീതളപാനീയങ്ങളുൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ പാക്കേജിംഗിന് പ്ലാസ്റ്റിക്കിനു പകരമുള്ള മെറ്റീരിയൽസ് ഉപയോഗിക്കുന്നതിന് സർക്കാരുകളും ഉപഭോക്താക്കളും ബഹുരാഷ്ട്ര കമ്പനികൾക്കുമേൽ സമ്മർദ്ദം ചെലുത്തണമെന്നും അദ്ദേഹം പറഞ്ഞു. കാർബൺ ക്ലോക്കും അതിവേഗം മിടിച്ചു കൊണ്ടിരിക്കുന്നു. താപനിലയിലെ വർധന 1.5 ഡിഗ്രിയിൽ നിന്ന് 2 ഡിഗ്രി ആയാൽപ്പോലും അതിഭീകരമായ പ്രത്യാഘാതങ്ങളാണ് മാനവരാശിയെ കാത്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.നമ്മുടെ ജലസ്രോതസ്സുകളേയും പ്രകൃതിവിഭവങ്ങളേയും ഓരോ മനുഷ്യനും അവരവരുടെ അവയവങ്ങൾ കാത്തുസൂക്ഷിക്കുന്നതുപോലെ കാത്തുസൂക്ഷിക്കണമെന്നും അവയില്ലാതെ നമുക്ക് നിലനിൽപ്പില്ലെന്നും ചടങ്ങിൽ സംസാരിച്ച അസറ്റ് ഹോംസ് എംഡി സുനിൽ കുമാർ വി. പറഞ്ഞു.

അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ

കൊച്ചി: കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി മേഖലാ കേന്ദ്രത്തിൽ ഏപ്രിൽ മൂന്നിന് എച്ച്ടിഎംഎൽ, സിഎസ്എസ് എന്നിവ ഉപയോഗിച്ച് വെബ് ഡിസൈനിംഗ്, പൈത്തൺ പ്രോഗ്രാമിംഗ്, അഡോബ് ഫോട്ടോഷോപ്പ് ഉപയോഗിച്ച് ഗ്രാഫിക് ഡിസൈൻ, ടാലി, ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ, സി പ്രോഗ്രാമിംഗ് എന്നീ അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നു ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും, ഈ വർഷം എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷ എഴുതുന്നവർക്കും ഡിഗ്രി വിദ്യാർത്ഥികൾക്കും **www.lbscetnre.kerala.gov.in/services/courses** എന്ന സൈറ് മുഖേന ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9447211055, 9567230577, 0484 2541520.

കല്യാൺ ജൂവലേഴ്സിന്റെ പുതിയ ബ്രാൻഡ് അംബാസിഡറായി രശ്മിക മന്ദാന

കൊച്ചി: ഇന്ത്യയിലെ ഏറ്റവും വിശ്വാസ്യതയാർന്ന ആഭരണ ബ്രാൻഡുകളിലൊന്നായ കല്യാൺ ജൂവലേഴ്സിന്റെ ദക്ഷിണേന്ത്യയിലെ ബ്രാൻഡ് അംബാസിഡറായി രശ്മിക മന്ദാനയെ നിയമിച്ചു. കല്യാൺ ജൂവലേഴ്സിന്റെ ലൈഫ്സ്റ്റൈൽ വിഭാഗത്തെയാകും രശ്മിക പ്രതിനിധാനം ചെയ്യുക. ദക്ഷിണേന്ത്യയിലെ ജനപ്രിയ സിനിമാതാരമായ രശ്മിക, ഈയിടെ പുതിയ സിനിമാ റിലീസുകളിലൂടെ ഹിന്ദി സിനിമാവ്യവസായരംഗത്തേയ്ക്കും കടന്നിരുന്നു. കല്യാണിൻറെ ആഗോള ബ്രാൻഡ് അംബാസിഡറായ അമിതാഭ് ബച്ചൻ, ദേശീയ ബ്രാൻഡ് അംബാസിഡറായ കത്രീന കൈഫ്, ആന്ധ്രാ, തെലങ്കാന എന്നിവിടങ്ങളെ പ്രതിനിധീകരിക്കുന്ന നാഗാർജുന, തമിഴ്നാട് ബ്രാൻഡ് അംബാസിഡറായ പ്രഭു, കർണാടകയിലെ ശിവരാജ് കുമാർ, കേരള ബ്രാൻഡ് അംബാസിഡറായ കല്യാണി പ്രിയദർശൻ എന്നീ പ്രശസ്ത താരങ്ങൾക്കൊപ്പം രശ്മിക കൂടി ഇനി കല്യാണിനായി അണിനിരക്കും.ദക്ഷിണേന്ത്യൻ വിപണികളിലേയ്ക്ക് ബ്രാൻഡ് അംബാസിഡറായി രശ്മിക മന്ദാനയെ ഉൾപ്പെടുത്തുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. കല്യാണി പ്രിയദർശനൊപ്പം ലൈഫ്സ്റ്റൈൽ ആഭരണനിരയുടെ മുഖമാകുന്ന രശ്മികയുടെ ജനപ്രീതിയും ആകർഷണീയതയും വിവിധ ജനസമൂഹങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നതിനും ബ്രാൻഡിൻറെ ശക്തി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുമെന്നാണ് പ്രതീക്ഷയെന്ന് അദ്ദേഹം പറഞ്ഞു.കല്യാൺ ജൂവലേഴ്സിൻറെ ഭാഗമാകുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ശ്മിക മന്ദാന പറഞ്ഞു. ബ്രാൻഡിനെക്കുറിച്ചും ആഭരണ ശേഖരങ്ങളെക്കുറിച്ചും ഓഫറുകളെക്കുറിച്ചും കൂടുതൽ ൦൦൦. സമഹ്യമിഷലംലഹഹല്യ.ിലേ എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാകുമെന്ന് കല്യാൺ ജൂവലേഴ്സ് അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com

Better Homes, Better Lives !
SHOT AT OWN SITE

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE &
SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663